# ഹെർമ്മോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക

LIGHTED TO LIGHTEN

2020 ജൂലൈ – സെപ്റ്റംബർ, ലക്കം 18



## എനിക്ക് രണ്ട് ചിറകുകളുണ്ടായിരുന്നുവെങ്കിൽ...




നവതിയുടെ നിറവിലായിരിക്കുന്ന മലങ്കര മാർത്തോമ്മാ സഭാ പരമാദ്ധ്യക്ഷൻ


**അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാമെത്രാപ്പോലീത്തായ്ക്ക്**

മാർത്തോമ്മാ സഭ അടൂർ ഭദ്രാസനത്തിന്റെ പ്രാർത്ഥനാശംസകൾ...

## ജന്മദിനാശംസകൾ



**അഭി. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ**
**സെപ്റ്റംബർ 8**



**അഭി. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ**
**ആഗസ്റ്റ് 16**

# ഉള്ളടക്കം


**02**
ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്

**04**
ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പ്

**05**
എഡിറ്റോറിയൽ



**06** **ഉയരത്തിൽ നിന്നുള്ള ജ്ഞാനം ഉന്നതലക്ഷ്യം**
റവ.ഷിബു മാത്യു



**08** **കുട്ടികൾ ഗുരുവെളിച്ചങ്ങൾ**
ഷാജി ജോർജ്ജ്



**10** **കോവിഡ്–19 വിശ്വാസപരവും...**
റവ. ഡോ. ഷാം പി. തോമസ്



**15** **COVIDIAN CHALLENGE**
Rev. Roji Mathews Abraham



**22** **കോവിഡ് രോഗബാധിതമായ ലോകത്തിലെ സഭാ ശുശ്രൂഷ**
റവ.ജോജി കെ. മാത്യു



**25** **കോവിഡ് 19 ആരോഗ്യപരമായ സമീപനം...**
ഡോ. സെലിൻ എബ്രഹാം



# ഹെർമ്മോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക

2020 ജൂലൈ–സെപ്റ്റംബർ, ലക്കം 18

പ്രസിഡന്റ്
**റൈറ്റ് റവ. ഡോ. എബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

ഭദ്രാസന സെക്രട്ടറി
**റവ. വി. കുഞ്ഞുകോശി**

ചീഫ് എഡിറ്റർ
**റവ. പി. ജെ. തോമസ്**

മാനേജർ
**റവ. ഷിബു മാത്യു**

കമ്മിറ്റി അംഗങ്ങൾ
**റവ. മാത്യു പി. തോമസ്**
**ശ്രീ. വർഗ്ഗീസ് തരകൻ**
**ശ്രീ. കെ. ജോൺസൺ വൈദ്യൻ**
**അഡ്വ. പി. കെ. സക്കറിയ**
**ശ്രീ. ജോൺ സക്കറിയ**
**ശ്രീമതി സുമാ ജോർജ്ജ്**

കവർ & ലേഔട്ട്
**ക്രയോൺസ് മീഡിയ, തിരുവല്ല**



വിലാസം:
**എഡിറ്റർ, ഹെർമ്മോൻ ദൂതൻ**
ഹെർമ്മോൻ അരമന
അടൂർ- 691 523



**വാർഷിക വരിസംഖ്യ–50/–**



**27** **കോവിഡ് 19 കാലത്തെ ചില ശരീരവിചാരങ്ങൾ**
റവ. റെജിൻ രാജു

**30** **ഭവനം അത്തിമരത്തണലിൽ**
തോമസ് ജോർജ്ജ്

**33** **മരങ്ങൾ നട്ട മനുഷ്യൻ**
എൽശേബ സൂസൻ ജേക്കബ്



04734 228240 hermondoothan@gmail.com www.adoordiocese.org

# ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ക്രിസ്തുയേശുവിൽ ഏവർക്കും സ്നേഹവന്ദനം

കോവിഡ്-19 ലോകമാസകലം വ്യാപിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ മുൻപെങ്ങും ഉണ്ടായിട്ടില്ലാത്തവിധം ഭയവും ആശങ്കയും ആകുലതയും എല്ലാവരേയും ഗ്രസിച്ചിരിക്കുന്നു, ചൈനയിലെ ഒരു പ്രത്യേക പ്രവിശ്യയിൽ ആരംഭിച്ച് ഓരോരോ രാജ്യങ്ങളിൽ കടന്നുകയറി നിരവധിയാളുകളുടെ ജീവൻ അപഹരിക്കുകയും അനേകം ആളുകൾ രോഗികളായി ആശുപത്രികളിലും ഭവനങ്ങളിലും ഏറെ പ്രയാസത്തിൽ ആയിരിക്കുന്നു. മുന്നണി പോരാളികളായി ആരോഗ്യപ്രവർത്തകർ ജീവനെപ്പോലും തൃണവൽക്കരിച്ച് പ്രതിരോധ രംഗത്ത് പോരാടുന്നത് ഏവരുടെയും പ്രശംസയ്ക്ക് പാത്രീഭൂതമായിരിക്കുന്നു. നിരവധി ആരോഗ്യപ്രവർത്തകർപോലും കോവിഡ്-19 മുഖാന്തിരം മരണപ്പെടുകയോ, രോഗം പിടിപെടുകയോ ചെയ്തിട്ടുണ്ട്. അവരുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ ആരേയും അതിശയിപ്പിക്കത്തക്കതാണ്. അവരെ നമ്മുടെ പ്രാർത്ഥനയിൽ ഓർക്കുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്യുന്നു. രാഷ്ട്രനേതാക്കന്മാർ അടക്കം എല്ലാവരേയും ഈ വൈറസ് വ്യാപനം പ്രതിസന്ധിയിലാക്കുന്നു എന്നത് മുൻപെങ്ങും സംഭവിച്ചിട്ടില്ലാത്ത വിധമാണ്. ശാരീരിക അകലം പാലിച്ചും സോപ്പ് ഉപയോഗിച്ച് കൈകൾ കഴുകിയും പൊതുസ്ഥലത്ത് തുപ്പാതെയും സ്വയശിക്ഷണത്തിന് വിധേയമാകുന്നതിൽ കൂടെ മാത്രമേ ഈ മഹാമാരിയിൽ നിന്ന് സ്വയം രക്ഷിക്കുന്നതിനും മറ്റുള്ളവർക്ക് രോഗം വരാതെ സൂക്ഷിക്കുന്നതിനും കഴിയുന്നത്. നമ്മുടെ രാജ്യത്തും പൊതുവേയും കേരളത്തിൽ പ്രത്യേകിച്ചും രോഗവ്യാപനം കൂടുന്ന ഒരു ഘട്ടത്തിലൂടെയാണ് നാമൊക്കെ കടന്നുപോകുന്നത്. രാജ്യത്തിന്റെ ജനസംഖ്യ ഉയർന്ന തോതിലാകയാൽ അതീവ ജാഗ്രത പുലർത്തിയില്ലെങ്കിൽ സ്ഥിതിഗതികൾ അതീവ ദുഃസ്ഥിതിയിലാകുമെന്ന് മനസ്സിലാക്കി ജാഗ്രത പുലർത്തുവാൻ നമുക്ക് ഏവർക്കും കഴിയണം. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ പരസ്പര ധാരണയോടെ മുൻവിധി കൂടാതെ കൂട്ടായി യത്നിക്കേണ്ട ഘട്ടത്തിലാണ് നാം എത്തി നിൽക്കുന്നത്. ജനങ്ങൾ കൂട്ടംകൂടാതെയും കഴിവതും തിരക്കുകൾ ഒഴിവാക്കിയും പുതിയ ഒരു ജീവിതശ്രമം പിൻതുടരുവാൻ ആവോളം യത്നിക്കണം.

ഇന്ന് നമ്മുടെ രാജ്യത്തെ ഏറെ ബുദ്ധിമുട്ടിലാക്കുന്നത് അന്യസംസ്ഥാന തൊഴിലാളികൾ സംഘമായി പലായനം ചെയ്തു എന്നതാണ്. അവരെ കൃത്യമായി അവരവരുടെ ഇടങ്ങളിൽ യഥാസമയം എത്തിക്കുവാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്ക് മുന്നമേ കഴിഞ്ഞിരുന്നുവെങ്കിൽ രോഗവ്യാപനം ഒരു പരിധിവരെ നിയന്ത്രണ വിധേയമാകുമായിരുന്നു. ഗവൺമെന്റുകളുടെ പരസ്പരമുള്ള പഴിചാരലിലൂടെ തക്കസമയങ്ങളിൽ ഉത്തരവാദിത്തം നിർവ്വഹിക്കുവാൻ കഴിയാതെ പോകുന്നു. അതിന്റെയൊക്കെ ഫലമായി നിരവധി കുടിയേറ്റ തൊഴിലാളികൾ പാലായനത്തിന്റെ മദ്ധ്യേ ദാരുണമായി മരണപ്പെട്ടിട്ടുള്ളത് തികച്ചും ദുഃഖകരമാണ്. അതോടൊപ്പം തന്നെ പ്രവാസികളായി അന്യരാജ്യങ്ങളിൽ പാർക്കുന്നവർക്കും അവരവരുടെ സ്ഥലങ്ങളിൽ എത്തിച്ചേരുന്നതിന് ഇനിയും കഴിഞ്ഞിട്ടില്ല. അവരെ എത്രയുംവേഗം തിരികെ എത്തിക്കുന്നതിന് തീവ്രശ്രമം ഉണ്ടാകേണ്ടതാണ്.

കോവിഡി - 19 ന്റെ പശ്ചാത്തലത്തിൽ ആരാധനാലയങ്ങൾ അടഞ്ഞു കിടക്കുന്ന സാഹചര്യത്തിൽ നമ്മുടെയൊക്കെ ഭവനങ്ങൾ ആരാധനാലയങ്ങളായി രൂപാന്തരപ്പെടുത്തുവാൻ കഴിയണം. അനുവദനീയമായ അംഗസംഖ്യ നിലനിർത്തി ആരാധന ആധുനിക മാധ്യമ സങ്കേതങ്ങളിലുടെ ജനങ്ങളിൽ എത്തിക്കുന്നതിന് പലരും ശ്രദ്ധകാണിക്കുന്നത് ശ്ലാഘനീയമാണ്. പട്ടക്കാർക്ക് സാധാരണ ശുശ്രൂഷകർ നിർവ്വഹിക്കുന്നതിന് പരിമിതികൾ ഏറെയാണെങ്കിലും ഇടവക ജനങ്ങളുമായി നിരന്തരം ബന്ധപ്പെടുന്നതിനും അവർക്ക്വേണ്ടി പ്രാർത്ഥിക്കുന്നതിനും സദാ ശ്രദ്ധാലുക്കളായിരിക്കണം. ഗവൺമെന്റ് നൽകുന്ന നിർദ്ദേശങ്ങൾ പാലിച്ച് മാത്രമേ മറ്റ് ചടങ്ങുകൾ നിർവ്വഹിക്കാവൂ. ഇടവകയുടെ ദൈനംദിന സന്ധാരണം സാധ്യമാകത്തക്കവിധത്തിൽ ജനങ്ങളുടെ സഹായസഹകരണം

നൽകണമെന്ന് താല്പര്യപ്പെടുന്നു. മാസവരി ആദിയായ സന്ധാരണമാർഗ്ഗങ്ങൾ ഓൺലൈൻ വഴി നൽകുന്നത് ആഗ്രഹിക്കത്തക്കതാണ്.

നമ്മുടെ ഭദ്രാസന സണ്ടേസ്കൂൾ സമാജം പ്രത്യേക ശ്രദ്ധയെടുത്ത് വി.ബി.എസ് ഉം ഞായറാഴ്ച സണ്ടേസ്കൂൾ ക്ലാസുകളും ഓൺലൈനിൽ നടത്തുന്നത് അഭിനന്ദനാർഹമാണ്. ഇക്കഴിഞ്ഞ ഞായറാഴ്ച അർദ്ധവാർഷിക പരീക്ഷ പോലും ക്രമീകൃതമായി നടത്തുകയുണ്ടായി.

അദ്ധ്യാപകരും കുട്ടികളും ഇക്കാര്യങ്ങളിൽ കാണിക്കുന്ന താല്പര്യം ഏറെ പ്രശംസനീയമാണ്. ഭദ്രാസന ഡവലപ്മെന്റ് ഡിപ്പാർട്ട്മെന്റിലൂടെ 'കാർഷിക കിറ്റ്' വീടുകളിൽ എത്തിച്ച് നൽകി, അവ കൃത്യമായി ശ്രദ്ധാപൂർവ്വം പരിപാലിച്ചാൽ വരുന്ന ഓണക്കാലത്ത് പച്ചക്കറികൾ സമൃദ്ധമായി ഉണ്ടാക്കിയെടുക്കുവാന് കഴിയും. കൃഷിരീതികളെപ്പറ്റിയും മറ്റും യഥാസമയങ്ങളിൽ ജനങ്ങളെ അറിയിക്കുന്നതിന് പ്രത്യേക സംവിധാനവും ചെയ്തിട്ടുണ്ട്.

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി അനേക ഇടവകകളും സേവികാസംഘവും തുടങ്ങിയ സംഘടനകളും മാസ്കുകൾ തയ്യാറാക്കി വിതരണം ചെയ്തത് പലർക്കും സഹായകമായി. ലോക്ക്ഡൗൺ കാലയളവിൽ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ഭവനങ്ങൾക്ക് ഭക്ഷ്യകിറ്റുകൾ നൽകുവാനും ഭദ്രാസനമായി നമുക്ക് സാധിച്ചിട്ടുണ്ട്, കൂടാതെ പല ഇടവകകളും വിവിധ സേവന മാർഗ്ഗങ്ങളിലൂടെ ആവശ്യത്തിലിരിക്കുന്നവരെ സഹായിച്ച് വരുന്നു.

എല്ലാ ആഴ്ചയിലും ഒരു ദിവസം ഭദ്രാസനത്തിലെ പട്ടക്കാർ എല്ലാവരും തിരുവചന പഠനത്തിനും പ്രാർത്ഥനയ്ക്കുമായി Zoom മീറ്റിംഗിലൂടെ കൂടിവരുന്നത് സന്തോഷകരമാണ്, നമ്മുടെ കുവൈറ്റ് സെന്റ് ജോൺസ് അലൈൻ മാർത്തോമ്മാ ഇടവകകളുടെ ആരാധനയിൽ സംബന്ധിച്ച് അവരെ ധൈര്യപ്പെടുത്തുവാൻ കഴിഞ്ഞത് പ്രത്യേകം പ്രസ്താവ്യമാണ്. കൂടാതെ പല വിദേശ ഇടവകകളിലെ ആരാധനകളിലും ഓൺലൈനിൽ സംബന്ധിച്ച് നേതൃത്വം നൽകിയത് സന്തോഷകരമായിരുന്നു.

കൊറോണ കാലയളവിൽ സ്കൂളുകൾ, കോളജുകൾ തുടങ്ങിയവ സാധാരണ രീതിയിൽ പ്രവർത്തിക്കുവാൻ കഴിയാത്തതിനാൽ ഓൺ-ലൈൻ പഠന ക്രമീകരണങ്ങൾ ഉണ്ടായത് ഏറ്റം ശ്ലാഘനീയമാണ്. എന്നാൽ സാമ്പത്തിക പിന്നോക്കാവസ്ഥയിൽ കഴിയുന്ന മുഴുവൻ കുട്ടികൾക്കും ഈ സൗകര്യം പ്രയോജനപ്പെടുത്തുവാൻ വേണ്ട സഹായങ്ങൾ ഉത്തരവാദിത്തപ്പെട്ടവർ ചെയ്തുകൊടുക്കേണ്ടതാണ്.

ഈ വർഷത്തെ പട്ടക്കാരുടെ സ്ഥലംമാറ്റം ഉണ്ടായിരിക്കുകയില്ല എന്നൊരു അറിയിപ്പിന്റെ വെളിച്ചത്തിൽ തങ്ങൾ ശുശ്രൂഷ ചെയ്ത ഇടങ്ങളിൽ തുടരേണ്ടി വരും എന്ന് വിചാരിച്ചിരുന്നപ്പോഴാണ് സ്ഥലംമാറ്റം സംബന്ധിച്ച അറിയിപ്പ് പെട്ടെന്ന് ലഭിക്കുന്നത്. അത് അച്ചന്മാർക്ക് ചില അസൗകര്യങ്ങൾ സൃഷ്ടിച്ചെങ്കിലും സഭയുടെ നിർദ്ദേശം ശിരസ്സാവഹിച്ച് പുതിയ ഇടങ്ങളിലേക്ക് ചുമതലയിൽ പോകുന്നതിന് കഴിഞ്ഞു. ഹൃദ്യമായ യാത്രയയ്പ്പോ മറ്റ് ക്രമീകരണങ്ങളോ ഒന്നും വേണ്ടുംവണ്ണം ചെയ്ത് സന്തോഷത്തോടെ അയയ്ക്കുവാൻ കഴിയാതെ പോയത് സങ്കടകരമാണ്. പല ഇടവകകളും ഇക്കാര്യത്തിലുള്ള അവരുടെ വേദന പങ്കുവെച്ചിട്ടുണ്ട്. എന്നാൽ ഈ അസാധാരണ കാലഘട്ടത്തിൽ ചില കാര്യങ്ങളിൽ നാം സ്വമേധാ സഹകരിച്ചെങ്കിലേ സാധ്യമാകൂ. നമ്മുടെ ഭദ്രാസനത്തിൽ സേവനം അനുഷ്ഠിച്ചതിന് ശേഷം പുതിയ ക്രമീകരണപ്രകാരം മറ്റ് ഇടവകകളിലേക്കോ, ഭദ്രാസനങ്ങളിലേക്കോ സ്ഥലം മാറിപോയ എല്ലാ ബഹുമാനപ്പെട്ട അച്ചന്മാരോടും പ്രത്യേകം നന്ദി അറിയിക്കുന്നു. നമ്മുടെ ഭദ്രാസനത്തിൽ പുതുതായി ചുമതല ഏറ്റെടുത്ത ബഹുമാനപ്പെട്ട അച്ചന്മാരെയും കുടുംബാംഗങ്ങളെയും ഹൃദ്യമായി സ്വാഗതം ചെയ്യുന്നു. തുടർന്നുള്ള നാളുകളിലെ ശുശ്രൂഷകൾ ഏവർക്കും അനുഗ്രഹകരമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയുടെ 367-ാം നമ്പർ കല്പനപ്രകാരം എല്ലാ ഇടവകകളും സംഘടനകളും 2019-20ലെ വാർഷിക കണക്ക് തയ്യാറാക്കി ഇന്റേണൽ ഓഡിറ്റിംഗും, എക്സ്റ്റേണൽ ഓഡിറ്റിംഗും പൂർത്തീകരിച്ച് 10 ബിബി ഫോമിൽ എത്രയും വേഗം ഭദ്രാസന ഓഫീസിൽ നൽകേണ്ടതാണ് എങ്കിൽ മാത്രമേ നിശ്ചിത സമയത്തിനുള്ളിൽ സഭയുടെ Annual Returns, Income Tax Department ൽ ഫയൽ ചെയ്യുവാൻ സാധിക്കൂ.

ഈ പ്രത്യേക കാലയളവിൽ നിരവധിയാളുകൾ മാനസിക സംഘർഷത്തിൽ കഴിയുന്നുണ്ട്, അവർക്ക് ഗവൺമെന്റിനോട് ചേർന്ന് കൗൺസിലിംഗ് സൗകര്യം ചെയ്തുകൊടുക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

65 വയസ്സിന് മുകളിൽ പ്രായമുള്ളവർ ഭവനങ്ങളിൽ കഴിയണമെന്ന ഗവൺമെന്റ് നിർദ്ദേശം ഉള്ളതിനാൽ അവർക്ക് ആവശ്യമായ കൂട്ടായ്മയും ആരോഗ്യപരമായ ക്ലാസുകളും സഹായങ്ങളും നൽകത്തക്കവിധം ഡോക്ടർമാരടങ്ങിയ ഒരു സംഘം ആഴ്ചയിലൊരിക്കൽ ഓൺ-ലൈൻ സംവിധാനത്തിലൂടെ മീറ്റിംഗുകൾ നടത്തുവാനുള്ള ക്രമീകരണം ചെയ്തുവരുന്നു. കൂടാതെ വിദ്യാർത്ഥികൾക്കായുള്ള വിജയവഴി പ്രോഗ്രാം പുരാരംഭിക്കുന്നതിനും, ഓൺ-ലൈൻ ക്ലാസുകൾ നൽകുന്നതിനുള്ള ക്രമീകരണങ്ങളും ചെയ്യുന്നു.

ഈ വക കാര്യങ്ങളിൽ ഏവരുടെയും സഹകരണമുണ്ടാകണമെന്ന് ഓർമ്മിപ്പിക്കുന്നു. നവതിയുടെ നിറവിലേക്ക് പ്രവേശിച്ച അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി കർമ്മോത്സുകതയോടെ മാർത്തോമ്മാ സഭയ്ക്ക് സജീവമായ നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നു. ഇത്തരുണത്തിൽ അഭിവന്ദ്യ തിരുമേനി ദീർഘകാലം ശുശ്രൂഷ ചെയ്ത അടൂർ ഭദ്രാസനത്തിന്റെ ആശംസകളും ആയുരാരോഗ്യസൗഖ്യങ്ങളും നേരുന്നു.

പ്രിയരെ, ഈ പ്രതിസന്ധി കാലയളവിൽ പ്രാർത്ഥനയിൽ അന്യോന്യം ഓർക്കുന്നതിനും, ആവശ്യങ്ങളിലിരിക്കുന്നവർക്ക് സാദ്ധ്യമായ സഹായസഹകരണങ്ങൾ നൽകുന്നതിനും നമുക്ക് കൂട്ടായി യത്നിക്കാം. നിങ്ങളേവരേയും പ്രാർത്ഥനയിൽ ഓർക്കുന്നു.

കർത്തൃശുശ്രൂഷയിൽ

**ഡോ.ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

ഹെർമ്മോൻ അരമന, അടൂർ

01-07-2020

# ഭദ്രാസന സെക്രട്ടറിയുടെ
## അറിയിപ്പുകൾ



റവ. വി. കുഞ്ഞുകോശി

വലിയവനായ ദൈവത്തിന്റെ കരുണയും കാവലും അനുഭവിച്ചുകൊണ്ട് അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് തിരുമേനിയുടെ നേതൃത്വത്തിൽ ഈ ലോക്ക്ഡൗൺ കാലയളവിലും ശക്തമായ ആലോചനകളും നിർദ്ദേശങ്ങളും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഭദ്രാസനത്തെ നയിക്കുന്നതിൽ നമുക്ക് അഭിമാനിക്കാം.

2019–2020 സാമ്പത്തിക വർഷം പിന്നിട്ടു. മാർച്ച് മൂന്നാം വാരത്തോടുകൂടി കോവിഡ്–19ന്റെ വ്യാപനം ശക്തമായതിനാൽ ഇടവകകൾ കണക്ക് ക്ലോസ് ചെയ്ത് കമ്മിറ്റി കൂടി പാസ്സാക്കുവാൻ ബുദ്ധിമുട്ടുണ്ടായി. ഈ പശ്ചാത്തലത്തിൽ കണക്ക് ഓഡിറ്റ് ചെയ്യുവാനുള്ള അഭിവന്ദ്യ മെത്രാപ്പോലീത്തായുടെ അനുമതി പ്രകാരം പല ഇടവകകളും കണക്ക് ഓഡിറ്റ് ചെയ്ത് 10BB റിപ്പോർട്ടു സഹിതം ഭദ്രാസനത്തിൽ ഏല്പിച്ചിട്ടുണ്ട്. മറ്റ് ഇടവകകൾ കണക്ക് ഓഡിറ്റ് ചെയ്തുകൊണ്ടിരിക്കുന്നു എന്ന് അറിയിച്ചിട്ടുണ്ട്. ഭദ്രാസന ഓഫീസിൽ നിന്ന് അയച്ചു തന്നിട്ടുള്ള Consolidated Statement കൂടി ജൂലൈ 15 നകം ഓഫീസിൽ നൽകണമെന്ന് അറിയിക്കുന്നു. ക്ലർജി ഡയറക്ടറിയ്ക്കുവേണ്ടിയുള്ള data entry നൽകിയിട്ടില്ലാത്തവർ Online ആയി Sabha Office –ൽ അയയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

കഴിഞ്ഞ മൂന്ന് മാസം ഭദ്രാസന തലത്തിലുള്ള പരിപാടികൾ ക്രമീകരിച്ചു നടത്തുവാൻ സാധിച്ചില്ല എന്നുള്ളത് ഏവർക്കും അറിയാമല്ലോ. കോവിഡ് –19ന്റെ പശ്ചാത്തലത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് ഭദ്രാസനത്തിൽ കൂടി കിറ്റ് നൽകി സഹായിക്കുവാൻ സാധിച്ചു. കൂടാതെ സുവിശേഷകർക്കും സാമ്പത്തിക സഹായം നൽകി.

റൂബി ജൂബിലി പരിപാടികളെക്കുറിച്ചു വിശദമായ അറിയിപ്പുകൾ ഉടനെ അറിയിക്കുന്നതാണ്. നമ്മുടെ ഭദ്രാസ അസംബ്ലി ജൂലൈ 19 ന് നടത്തുവാൻ തീരുമാനിച്ചിരുന്നല്ലോ. അതുംമാറ്റി വച്ചിട്ടുണ്ട്. ഭദ്രാസന ദിനവും ഇടവക ചുമതലക്കാരുടെ മീറ്റിംഗും സാധാരണയായാണ്. ഓഗസ്റ്റു മാസത്തിലാണ് നടത്തുന്നത്. അതും ഈ സാഹചര്യത്തിൽ മാറ്റി വയ്ക്കേണ്ടിവരും.

ഈ ഭദ്രാസനത്തിൽ നിന്ന് മറ്റ് ഭദ്രാസനത്തിലേക്ക് സ്ഥലം മാറിപ്പോയ ബഹുമാനപ്പെട്ട അച്ചന്മാരോടുള്ള ഭദ്രാസനത്തിന്റെ നന്ദി അറിയിക്കുന്നു. ദീർഘകാലം സഭയിലെ വിവിധ ഇടവകകളിലും നമ്മുടെ ഭദ്രാസന ഇടവകകളിലും ശുശ്രൂഷ ചെയ്ത് സജീവ സേവനത്തിൽ നിന്ന് വിരമിച്ച ബഹുമാനപ്പെട്ട ഡോ. ജോർജ്ജു മാത്യു അച്ചനോടും മാത്യു വർഗ്ഗീസ് അച്ചനോടുമുള്ള ഭദ്രാസനത്തിന്റെ നന്ദി തുടർന്നും സേവന പാതകളിൽ മുന്നേറാൻ ദൈവം സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. കൂടാതെ പുതിയതായി ഈ ഭദ്രാസനത്തിലേക്ക് സ്ഥലം മാറിവന്ന് വിവധ ഇടവകകളിൽ ചുമതലയേറ്റ പ്രിയ അച്ചന്മാരെ സന്തോഷപൂർവ്വം ഭദ്രാസനത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

പ്രാർത്ഥനയോടെ ഈ കോവിഡ് കാലയളവിനെ നമുക്ക് നേരിട്ട് മുന്നേറാം.

■ ■ എഡിറ്റോറിയൽ

"നിരാശയുടെ പടുകുഴിയിൽ വീണു പോകാതെ പ്രതീക്ഷയുടെ പുത്തൻപന്ഥാവിലൂടെ സുകൃത സഞ്ചാരം നടത്തുവാൻ സഭയെയും സമൂഹത്തെയും നാം സജ്ജരാക്കണം



**റവ. പി. ജെ. തോമസ്**
ചീഫ് എഡിറ്റർ

മഹാമാരികളെക്കുറിച്ച് പ്രവചനാത്മകമായി രചിക്കപ്പെട്ട കൃതിയാണ് ഫ്രഞ്ച് സാഹിത്യകാരനായ ആൽബർട്ട് കാമുവിന്റെ 'ദ പ്ലേഗ്' (The Plague) 1947-ൽ എഴുതിയ ഈ കൃതി അൾജീരിയായിലെ കടൽത്തീരത്തുള്ള ഒറാൻ നഗരത്തിൽ പൊട്ടി പുറപ്പെട്ട പ്ലേഗിനെക്കുറിച്ചാണ് പ്രതിപാദനം. ഒറാൻ നഗരത്തിലെ ജനങ്ങൾ അഭിമുഖീകരിക്കുന്ന രോഗത്തിന്റെ ഭീകരത, അർത്ഥശൂന്യതകളെക്കുറിച്ചുള്ള നെടുവീർപ്പുകൾ അവസാനമില്ലാത്ത ആകുലതകൾ, അസുഖകരമായ അനുഭവങ്ങളെ അതിജീവിക്കുവാനുള്ള മനുഷ്യന്റെ ആഗ്രഹങ്ങൾ, അതിജീവനത്തിനായി പാലിക്കേണ്ട അച്ചടക്കനടപടികൾ, ആളുകൾ തമ്മിലുള്ള സാമൂഹിക അകൽച്ച, ആവശ്യങ്ങളുടെ മുഖത്ത് അനുവർത്തിക്കേണ്ട ആർദ്രതയുടെ തലങ്ങൾ എല്ലാം എടുത്ത് കാട്ടുന്ന കൃതി കാലത്തെയും സമയത്തെയും അതിജീവിക്കുന്ന ഒന്നായി ഇന്നും നിലകൊള്ളുന്നു.

ലോകത്തെയാകെ അനിശ്ചിത അവസ്ഥയിലേക്കും ആരോഗ്യ പ്രശ്നത്തിലേക്കും അതിജീവനത്തിന്റെ പുത്തൻതലങ്ങളിലേക്കും തള്ളിവിട്ട കൊറോണ വൈറസ് ആശങ്കയുണർത്തുന്നു. മനുഷ്യൻ എല്ലാക്കാലത്തും അതിജീവനത്തിന്റെ വീരഗാഥകൾ രചിച്ചിട്ടുള്ളവരാണ്. അതിജീവനത്തിന്റെ വീരകഥകൾ രചിക്കുമ്പോഴും അടച്ചിടുന്ന ലോകത്തിലെ മനുഷ്യന്റെ അസഹനീയമായ വീർപ്പുമുട്ടലുകൾ എല്ലാ ഹൃദയങ്ങളിലും ഒരു വേദനയായി തുടരുന്നു. ജീവിതത്തിന്റെയും മരണത്തിന്റെയും ഇടയിൽ നിസ്സഹായരും നിരാലംബരും നിഷ്ക്രിയരുമായി പകച്ചുനില്ക്കുന്ന മനുഷ്യരുടെ ചിത്രം ഹൃദയഭേദകമാണ്. അതിരുകളെ ഭേദിച്ച് കൊണ്ടും ആരോഗ്യമേഖലകളെ അട്ടിമറിച്ച്കൊണ്ടും ആഗോള സംസ്കാരത്തെ തന്നെ അടിച്ചമർത്തികൊണ്ടും കൊറോണ മഹാവ്യാധിയുടെ വ്യാപനം തുടരുകയാണ്.

ഈ കൊറോണ കാലം നമ്മുടെ വിചാരത്തിലും വിചിന്തനത്തിലും വിശ്വാസത്തിലും ചില വ്യതിയാനങ്ങൾ അനിവാര്യമാണ്. നമ്മുടെ പെരുമാറ്റങ്ങളിലും പ്രവർത്തികളിലും മാറ്റങ്ങൾ ഉൾക്കൊള്ളുവാൻ നാം സന്നദ്ധരായി തീരണം. നിഷേധാത്മകതയിൽ അഭിരമിക്കാതെ സർഗ്ഗാത്മകത കൊണ്ട് ജീവിതത്തെ ഉന്നതവും ഉദാത്തവുമാക്കണം. ഉപരിവിപ്ലവമായ അധാർമ്മികതകളിൽ തളച്ചിടാതെ ധാർമ്മിക നിലവാരം കൊണ്ട് ജീവിതത്തെ സമ്പുഷ്ടമാക്കണം. വൈകാരികമായ ആത്മീയ പ്രകടനങ്ങളെക്കാളുപരി അടിസ്ഥാനപരമായ ആത്മീയ സൗഹൃദങ്ങൾ രൂപപ്പെടുത്തണം. നിരാശയുടെ പടുകുഴിയിൽ വീണുപോകാതെ പ്രതീക്ഷയുടെ പുത്തൻപന്ഥാവിലൂടെ സുകൃത സഞ്ചാരം നടത്തുവാൻ സഭയെയും സമൂഹത്തെയും നാം സജ്ജരാക്കണം. ഇന്ന് നമ്മുടെ ശുശ്രൂഷ കാലിക പ്രാധാന്യവും അർത്ഥ പൂർണ്ണവുമായി തീരണമെങ്കിൽ

നമ്മുടെ ശുശ്രൂഷാ ഇടങ്ങളെ പറ്റിയുള്ള പുനർഅവലോകനം അനിവാര്യമാണ്.
We have to redefine the context of our ministry

നമ്മുടെ ശുശ്രൂഷയുടെ തുടർമാനങ്ങളെപ്പറ്റി തുടർവായന അനിവാര്യമാണ്. We have to reread the continuity of our ministry.

നമ്മുടെ ശുശ്രൂഷയിലെ വെല്ലുവിളികളെപ്പറ്റി പുനർവ്യാഖ്യാനം അനിവാര്യമാണ്. We have to reinterpret the challenges of our ministry.


നമ്മുടെ ശുശ്രൂഷയുടെ സാധ്യതകളെപ്പറ്റിയുള്ള പുനരാവിഷ്ക്കാരം അനിവാര്യമാണ്. We have to reformulate the chances of our ministry.

കാലത്തിന്റെ ചുവരെഴുത്തുകളെ തിരിച്ചറിഞ്ഞ് പ്രവർത്തിപ്പാൻ സർവ്വേശ്വരൻ നമ്മെ സന്നദ്ധരാക്കട്ടെ.

മലയാളത്തിലെ പ്രശസ്ത എഴുത്തുകാരൻ സി.രാധാകൃഷ്ണൻ തന്റെ വിദ്യാഭ്യാസ കാലഘട്ടത്തിൽ പ്രൈമറിസ്കൂളിൽ നടന്ന ഒരു സംഭവം വിവരിക്കുന്നത് ശ്രദ്ധേയമാണ്. ഒരു ദിവസം ക്ലാസിൽ അദ്ധ്യാപകൻ ഒരു ചോദ്യം ചോദിച്ചു. "ഒരു നാഴിപാലിന് ഒരു രൂപാ നിരക്കിൽ പത്ത് നാഴിപാൽ വാങ്ങിച്ച് അതിൽ നാല് നാഴി വെള്ളം ചേർത്ത് ഒരു നാഴി പാലിന് ഒന്നേകാൽ രൂപാ നിരക്കിൽ വിറ്റാൽ എത്രരൂപാ ലാഭം കിട്ടും? ശരി ഉത്തരം എഴുതിയവർക്കെല്ലാം അനുമോദനം ലഭിച്ചു. എന്നാൽ ഒരു കുട്ടിമാത്രം ഒരു ഉത്തരവും എഴുതിയില്ല, അവൻ പഠനത്തിൽ മിടുക്കനായിരുന്നു താനും. അദ്ധ്യാപകന് ദേഷ്യവും നീരസവും വന്നു, അവനെ ശകാരിച്ച് ക്ലാസിൽ നിന്നും ഇറക്കിവിട്ടു. പിന്നെ അവൻ ആ സ്കൂളിലേക്ക് വന്നില്ല.  തന്റെ പാരമ്പര്യ തൊഴിലിലേക്ക് മടങ്ങി. വളരെ വർഷങ്ങൾക്ക് ശേഷം സി. രാധാകൃഷ്ണൻ തന്റെ പഴയ സഹ പാഠിയെ കണ്ടപ്പോൾ അന്ന് എന്തുകൊണ്ടാണ് ആ ചോദ്യത്തിന് ഉത്തരം എഴുതാതിരുന്നത് എന്ന് ചോദിച്ചപ്പോൾ ലഭിച്ച മറുപടി ഇപ്രകാരമായിരുന്നു. "പാലിൽ വെള്ളം ചേർക്കാതിരുന്നാലും ലാഭം കിട്ടുമല്ലോ, പിന്നെ എന്തിനാണ് പാലിൽ വെള്ളം ചേർത്ത് വിറ്റ് ലാഭമുണ്ടാക്കുന്നത്." എനിക്ക് ആ കണക്ക് ഇഷ്ടപ്പെട്ടില്ല, അതുകൊണ്ടാണ് അത് ചെയ്യാതിരുന്നത്". സി. രാധാകൃഷ്ണൻ പറയുന്നു ഉന്നതമായ ഒരു ജീവിത മൂല്യത്തിന്റെ വേറിട്ട ഒരു ശബ്ദ മാണിത്.

“

ഉയരത്തിൽനിന്നുള്ള ജ്ഞാനമോ ഒന്നാമത് നിർമ്മലവും പിന്നെ സമാധാനവും ശാന്തതയും അനുസരണവുമുള്ളതും കരുണയും ഫലവും നിറഞ്ഞതും പക്ഷപാതവും കപടവും ഇല്ലാത്തതുമാകുന്നു. (യാക്കോബ് 3:17)



# ഉയരത്തിൽ നിന്നുള്ള ജ്ഞാനം ഉന്നത ലക്ഷ്യം

റവ. ഷിബു മാത്യു

ഏത് മാർഗ്ഗത്തിലൂടെയും എങ്ങനേയും വളരുവാനും ഒറ്റയ്ക്ക് പിടിച്ചു നിൽക്കുവാനും പ്രേരിപ്പിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം ഒരു കപട ലോകത്തിനാണ് രൂപം കൊടുക്കുന്നത്. ഇതിന്റെ അപകടം തിരിച്ചറിയുകയും മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കുകയും ചെയ്യുന്നതിന് ഇന്നത്തെ തലമുറയ്ക്ക് സാധ്യമാകണം.

വി. യാക്കോബിന്റെ ലേഖനം 3-ാം അദ്ധ്യായം 17-ാം വാക്യം "ഉയരത്തിൽ നിന്നുള്ള ജ്ഞാനം" "Wisdom from above'' എന്ന ചിന്തയിലേക്കാണ് നമ്മെ നയിക്കുന്നത്. ദൈവഭക്തിയുടെ പ്രായോഗിക വശമാണ് യാക്കോബിന്റെ ലേഖനത്തിന്റെ പ്രതിപാദ്യം. വിശ്വാസം ജീവിതത്തിൽ പ്രായോഗികമാകുന്നില്ലായെങ്കിൽ അത് നിർജ്ജീവമാണെന്ന് വ്യക്തതയോടെ പറയുന്നു. 13-ാം വാക്യം ആരംഭിക്കുന്നത് ആരാണ് ജ്ഞാനിയും വിവേകിയുമായവൻ എന്ന ചോദ്യവും, അതിനുള്ള ഉത്തരത്തോടും കൂടിയാണ്. അതിന്റെ ഉത്തരം "അവർ ജ്ഞാന ലക്ഷണമായ സൗമ്യതയോടെ സൽപ്രവൃത്തികളെ കാണിക്കട്ടെ" ജ്ഞാനത്തിന്റെ ലക്ഷണം 'സൗമ്യതയും' "സൽപ്രവൃത്തികളും" ആണെന്ന് ലേഖന കർത്താവ് സൂചിപ്പിക്കുന്നു. സൗമ്യത സ്വയരക്ഷയ്ക്കായി കൈക്കൊണ്ടുള്ള ശാന്തമായ പെരുമാറ്റമല്ല മറിച്ച് വിവരങ്ങളെ വിവേകത്തോടെ പ്രാവർത്തികമാക്കാനുള്ള സ്വഭാവസവിശേഷതയാണ്.

ഇവിടെ ''ജ്ഞാനം'' എന്നത് കേവലം ചില അറിവുകൾ (Informations) മാത്രമല്ല അതിലുപരി വ്യക്തമായ ലക്ഷ്യത്തിലേക്ക് യാത്ര ചെയ്യുവാൻ നമ്മെ സഹായിക്കുന്ന മാർഗ്ഗദീപമാണ്. ഉയരത്തിൽ നിന്നുള്ള ജ്ഞാനം വ്യക്തിജീവിതത്തെയും സാമൂഹ്യജീവിതത്തെയും ഒരുപോലെ സ്പർശിക്കുന്നതാണ്.

ഇത്-നിർമ്മലവും പിന്നെ സമാധാനവുമാണ്

-വ്യക്തി ജീവിതത്തിലെ വിശുദ്ധിയാണ്, നിർമ്മലമായത് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, മറ്റുള്ളവരുമായുള്ള ബന്ധത്തിലാണ് സമാധാനം.

തന്നിൽത്തന്നെ ശാന്തതയും മറ്റുള്ളവരോട് അനുസരണവും അതുപോലെ കരുണയും സൽഫലവും നിറഞ്ഞ ജീവിതത്തിന്റെ ബാഹ്യ അടയാളമാണ് പക്ഷപാതവും കപടവും ഇല്ലാത്ത ഇടപെടലുകൾ.

ഇതെല്ലാം തന്നെ വ്യക്തിജീവിതത്തിൽ ദൈവിക ബന്ധവും സാമൂഹ്യബന്ധവും ഇഴചേർന്ന് മുൻപോട്ട് പോകുന്നതിനെ സൂചിപ്പിക്കുന്നതാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ സ്രഷ്ടാവിനെയും സഹജീവികളെയും തിരിച്ചറിയുന്ന ജ്ഞാനമാണ് ഉയരത്തിൽ നിന്നുള്ള ജ്ഞാനം.

ഇന്ന് ലോകം ഉയർത്തിക്കാട്ടുന്ന ജ്ഞാന സമ്പാദനത്തിന്റെ ലക്ഷ്യം പണസമ്പാദനമായി മാറുന്നു എന്നതിൽ സംശയമില്ല. ലാഭം കൊയ്യുന്ന മറ്റേതൊരു ബിസിനസ് പോലെ വിദ്യാഭ്യാസ സ്ഥാപനങ്ങളും ബിസിനസ് സ്ഥാപനങ്ങളായി മാറിക്കൊണ്ടിരിക്കുമ്പോൾ പരമലക്ഷ്യം ലാഭം മാത്രമാണ്.

എങ്ങനെ ജീവിത മാർഗ്ഗം കണ്ടെത്തണം എന്നത് മാത്രം പഠിച്ചതുകൊണ്ടാവില്ല, എങ്ങനെ ജീവിക്കണം (How to live) എന്ന് പഠിക്കുന്ന ഇടമാകണം വിദ്യാലയങ്ങൾ.

വിദ്യാഭ്യാസ രീതികളിൽ തന്നെ വലിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. കോവിഡ്-19 സൃഷ്ടിച്ച മാറ്റങ്ങളിൽ ഒന്നാണ് ക്ലാസ്റൂമുകളിൽ നിന്നും മാറി ഓൺലൈൻ മാധ്യമങ്ങളിലൂടെയുള്ള പഠനം. മഹാമാരിയുടെ പകർച്ച തടയുന്നതിന് ഈ മുൻകരുതലുകൾ ഒക്കെ ഏറെ ആവശ്യമാണ്. എന്നാൽ പഠന പ്രക്രിയയുടെ ആത്യന്തിക ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കുന്നതിന് ഇതൊന്നും കാരണമാകരുത്. ശാരീരിക അകലം സാമൂഹ്യബന്ധങ്ങളെ തളർത്തരുത്. ഓരോ വിദ്യാർത്ഥിയും തന്നെക്കുറിച്ചും സമൂഹത്തെക്കുറിച്ചും ഉത്തമ ബോധ്യവും തിരിച്ചറിവുമുള്ളവരാകണം. സ്രഷ്ടാവായ ദൈവത്തെയും സഹജീവികളെയും തിരിച്ചറിയുവാൻ സഹായിക്കുന്നു. ഉന്നത ലക്ഷ്യങ്ങളിലേക്ക് നയിക്കുന്ന പഠനപ്രക്രിയയിൽ പങ്കാളികളാകുവാൻ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

# കുട്ടികൾ ഗുരുവെളിച്ചങ്ങൾ



ഷാജി ജോർജ്ജ്

കഴിഞ്ഞ നാളുകളിലേക്ക് തിരിഞ്ഞ് നോക്കുമ്പോൾ ദൈവം നല്കിയ അനുഗ്രഹങ്ങളിൽ മഹനീയമായ അനുഗ്രഹമായി ഞാൻ കരുതുന്നത്, ഏകദേശം 30 വർഷക്കാലം ഒരദ്ധ്യാപകനായി ശുശ്രൂഷ ചെയ്യുവാനും എന്റെ കുട്ടികളെ ഗുരുവെളിച്ചങ്ങളായി തിരിച്ചറിയുവാനും ദൈവം നല്കിയ അവസരങ്ങളെയാണ്. തിരുവല്ല സെന്റ് തോമസ് ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രിൻസിപ്പളായി 16 വർഷം സേവനം ചെയ്യുവാനും ദൈവം അവസരം നല്കി. എല്ലാറ്റിനുമായി ദൈവത്തിനു സ്തോത്രം.

ഗുരു എന്ന പദത്തിന് അന്ധകാരം നീക്കുന്നവനെന്നാണ് അർത്ഥം. അങ്ങനെയെങ്കിൽ അന്ധകാരം നീക്കുന്നവരിലെല്ലാം ഒരു ഗുരുഭാവം കാണാൻ നമുക്ക് കഴിയണം. മുൻപ് സൂചിപ്പിച്ചതുപോലെ എന്റെ കഴിഞ്ഞകാല അനുഭവങ്ങളിൽ കുട്ടികൾ പോലും നമുക്ക് വഴിവെളിച്ചമായി മാറുന്ന



കാഴ്ച ഞാൻ കണ്ടിട്ടുണ്ട്. എല്ലാ വർഷവും TTI ലെ ക്ലാസ്സ് ആരംഭിച്ചു കഴിഞ്ഞാൽ ഉടനെ ഞാൻ കുട്ടികൾക്കൊരു കവിതയെഴുതാനുള്ള അവസരം കൊടുക്കാറുണ്ട്. വിഷയം "എനിക്ക് രണ്ട് ചിറകുകളുണ്ടായിരുന്നുവെങ്കിൽ" എന്നതാണ്. ആദ്യം കുട്ടികളുടെ മുഖത്തൊരു പരിഭ്രമമൊക്കെ തെളിയുമെങ്കിലും എഴുതി തുടങ്ങി കഴിയുമ്പോൾ അവരുടെ മുഖം തെളിയുന്നത് കണ്ടിട്ടുണ്ട്. അരമണിക്കൂർ സമയമാണ് എഴുതാൻ കൊടുക്കുന്നത്. അതിനുശേഷം ഒരോരുത്തരായി വന്ന് അവരുടെ കവിത അവതരിപ്പിക്കും.

അപ്പോൾ ആ കവിതയുടെ ആസ്വാദനം ക്ലാസ്സിൽ നടക്കും. അതാണ് രീതി.

“ചിറകുകളുണ്ടായിരുന്നുവെങ്കിൽ”

എന്ന വിഷയം കൊടുക്കുന്നതിന് പിന്നിൽ ഒരു വായനാനുഭവമുണ്ട്. ഇന്ത്യയിലെ പ്രമുഖ എഴുത്തുകാരിയും ഇൻഫോസിസ് ഫൗണ്ടേഷന്റെ ചെയർപേഴ്സനുമായ സുധാ മൂർത്തി ‘flow I thaught my grandmother to read another stories’ എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയ ഒരു ബാല്യകാല അനുഭവം വളരെ ഹൃദയസ്പർശിയായി എനിക്കനുഭവപ്പെട്ടിട്ടുണ്ട്. സുധാമൂർത്തി തന്റെ കുട്ടിക്കാലത്ത് മുത്തച്ഛനോടൊപ്പം തന്റെ ഗ്രാമത്തിലെ ഗ്രാമീണ ഗ്രന്ഥശാലയിൽ പോകുമായിരുന്നു. ആ ഗ്രാമീണ ഗ്രന്ഥശാലയിൽ പോയി മടങ്ങിവരുമ്പോൾ ഒരു ദിവസം മുത്തച്ഛൻ സുധാമൂർത്തിയോട് ചോദിച്ചു ഞാനൊരു കവിതയുടെ ആദ്യവരി ചൊല്ലിയാൽ ബാക്കി ചൊല്ലാമോ? ശ്രമിക്കാമെന്ന് ആ കൊച്ചുമകൾ മറുപടി പറഞ്ഞു. അപ്പോൾ ആ മുത്തച്ഛൻ ഒരു വരി ചൊല്ലി.

“ചിറകുകളുണ്ടായിരുന്നെങ്കിൽ ഞാൻ...”

ബാക്കി ചൊല്ലുവാൻ പറഞ്ഞു. അന്ന് പന്ത്രണ്ട് വയസ്സുകാരി ആ കൊച്ചുമകൾ സ്വന്തമായി ചില വരികൾ രൂപപ്പെടുത്തി തന്റെ മുത്തച്ഛൻ പറഞ്ഞ വരികളോട് കൂട്ടി ചേർത്തു. അത് ഇപ്രകാരമായിരുന്നു.

“ചിറകുകളുണ്ടായിരുന്നെങ്കിൽ

അയലത്തെ വായനശാലയിലേക്ക് ഞാൻ

ചിറകു വിരിച്ച് പറന്നേനെ.

നൂറായിരം പുസ്തകം വായിച്ചേനെ.”

സുധാമൂർത്തിയ്ക്ക് പുസ്തകങ്ങൾ അത്രമേൽ ഇഷ്ടമായിരുന്നു. വായന കുട്ടിക്കാലം മുതൽ സുധാ മൂർത്തിയ്ക്കൊരു ആവേശമായിരുന്നു. അതുകൊണ്ടാണ് ചിറകുവിരിച്ച് വായനശാലയിലേക്ക് പറക്കുമായിരുന്നു എന്ന് പറഞ്ഞത്. യഥാർത്ഥത്തിൽ ആ കവിതയുടെ തുടർന്നുള്ള വരികൾ ആ മുത്തച്ഛൻ തന്റെ കൊച്ചുമകളോട് അപ്പോൾ പറഞ്ഞു.

“ചിറകുകളുണ്ടായിരുന്നുവെങ്കിൽ ഞാൻ

നീലാകാശത്തേക്ക് പറന്നേനെ

നൂറായിരം സുന്ദരഭൂമികൾ മഹാവ്യക്തികൾ

ആരുംകാണാ നിധികുംഭങ്ങൾ തേടി

പാറി പറന്നേനെ”

എന്നാൽ ആ കൊച്ചുമകളുടെ തനതായ വരികൾ ആ മുത്തച്ഛനെ അത്ഭുതപ്പെടുത്തി. വായനയോടും പുസ്തകങ്ങളോടുമുള്ള സുധാമൂർത്തിയുടെ താല്പര്യത്തെ അദ്ദേഹം അഭിനന്ദിക്കുകയും ചെയ്തു. തന്റെ കൊച്ചുമകൾ ആ മുത്തച്ഛനിൽ പുതിയൊരു ദർശനത്തിന്റെ വെളിച്ചം വിതയ്ക്കുന്ന ഒരു ഗുരുവെളിച്ചമായി അന്ന് മാറി.

ഈ സംഭവം വായിച്ചപ്പോൾ ഉണ്ടായ പ്രചോദനത്തിലാണ് എന്റെ ഒന്നാംവർഷ അധ്യാപകവിദ്യാർത്ഥികൾക്ക് “ചിറകുകളുണ്ടായിരുന്നെങ്കിൽ” എന്ന വിഷയം കൊടുത്തശേഷം അവരുടെ സ്വപ്നങ്ങളും ദർശനങ്ങളും തുടർന്നുള്ള വരികളിൽ എഴുതാൻ ആവശ്യപ്പെട്ടിരുന്നത്.

2006-ൽ ഞാൻ ഈ വിഷയം കൊടുത്ത് എഴുതിച്ചപ്പോൾ അക്കൂട്ടത്തിലെ സൽമാൻ എന്ന അദ്ധ്യാപക വിദ്യാർത്ഥി എഴുതിയത് എന്നെ വളരെയധികം സ്പർശിക്കുകയുണ്ടായി. സൽമാൻ ഇപ്രകാരം എഴുതി.

“എനിക്ക് രണ്ട് ചിറകുകളുണ്ടായിരുന്നുവെങ്കിൽ

ഞാൻ പറന്ന് ചെന്ന്

ചിറകുകളില്ലാത്തവർക്ക്
ചിറകുകളായിത്തീരുമായിരുന്നു.”

അദ്ധ്യാപകനാകുവാനാഗ്രഹിച്ച് മലപ്പുറത്ത് നിന്ന് തിരുവല്ലയിൽ വന്ന് താമസിച്ച് തിരുവല്ല സെന്റ് തോമസ് റ്റി.റ്റി.ഐ യിൽ പഠിക്കുവാൻ വന്ന കുട്ടിയുടെ ആ ഉൾവെളിച്ചം എനിക്ക് ഗുരുവെളിച്ചം തന്നെയായിരുന്നു. യഥാർത്ഥത്തിൽ ഒരദ്ധ്യാപകൻ തന്റെ സ്നേഹത്തിന്റെ ചിറകുകളിൽ കുട്ടികളുടെ അടുക്കലേക്ക് പറന്ന് ചെന്ന് തന്റെ അറിവിന്റെ വെളിച്ചം കൊണ്ട് ആ കുട്ടിയുടെ അജ്ഞതയുടെ അന്ധകാരം നീക്കി അവർക്ക് ആത്മവിശ്വാസത്തോടെ പറന്നുയരുവാൻ തക്കവണ്ണം അഗ്നിചിറകുകൾ സമ്മാനിക്കുകയും ചിറകുകൾ ഇല്ലാത്തവർക്ക് ചിറകുകളായി തീരുകയുമാണല്ലോ ചെയ്യേണ്ടത്. അന്ന് അപ്രകാരമൊരു സ്വപ്നം കണ്ട 2006-2008 ബാച്ചിലെ ആ അദ്ധ്യാപകവിദ്യാർത്ഥി സൽമാൻ ഇന്ന് മലപ്പുറം ജില്ലയിലെ തിരുനാവായിലുള്ള എ.എം.എൽ.പി. സ്കൂളിലെ പ്രഗത്ഭനായ ഒരു അദ്ധ്യാപകനായും റിസോഴ്സ് പേഴ്സനായും പ്രവർത്തിക്കുകയാണ്. ഓരോ കുട്ടിയിലുമുള്ള ഗുരുവെളിച്ചം കാണാൻ നമുക്ക് കഴിയണം. അതാണ് ശരിയായ വിദ്യാഭ്യാസം. സൽമാനെ പോലെയുള്ള അനേകം ഗുരുവെളിച്ചങ്ങൾ ഇന്ന് എന്റെ മനസ്സിൽ വെളിച്ചം ചൊരിഞ്ഞ് നില്ക്കുന്നു എന്ന് കുറിയ്ക്കുന്നതിലും എനിക്ക് വലിയ സന്തോഷമുണ്ട്.

# കോവിഡ്–19:
## വിശ്വാസപരവും വിശുദ്ധവുമായ ഇടപെടലുകൾ



റവ. ഡോ. ഷാം പി. തോമസ്

കോവിഡ്–19 എന്ന മഹാമാരിയോടുള്ള ക്രൈസ്തവ വിശ്വാസ പ്രതികരണം എന്തായിരിക്കണം എന്നൊരന്വേഷണമാണ് ഈ കുറിപ്പിനാധാരം. ഇതിലെ പ്രതിപാദ്യവിഷയങ്ങളും വാദഗതികളും പൂർണമോ, ആത്യന്തികമോ അല്ല. നമ്മുടെ കൂട്ടായ ചർച്ചയ്ക്കും, തുടർപഠനത്തിനുമായി ഇത് സമർപ്പിക്കുന്നു.

**1. കൊറോണയുടെ കാണാപ്പുറങ്ങൾ**

സവിശേഷമായ സംഖ്യാക്രമംകൊണ്ട് ശ്രദ്ധേയമായ 2020 വർഷം പിറവിയെടുത്തതോടെ തന്നെ ലോകത്താകമാനം വ്യാപനം തുടങ്ങിയ കൊവിഡ് –19 മഹാമാരിയുടെ ഉറവിടം എന്തെന്നുള്ള അന്വേഷണവും, അതോടനുബന്ധിച്ചുള്ള നിഗമനങ്ങളും വർദ്ധിച്ചുവരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് പൊതുസമൂഹത്തിലും, വിശ്വാസസമൂഹത്തിലും പൊതുവായി ഉയർന്നുകാണുന്ന നാലു കാരണങ്ങൾ പരാമർശിക്കട്ടെ.

**1.1 കൊറോണ : ഒരു ശാസ്ത്രസൃഷ്ടി**
(A science lab creation)

കൊറോണ മനുഷ്യനിർമ്മിതമാണെന്നും, ശാസ്ത്ര സാങ്കേതിക വിദ്യയിലൂടെ ലബോറട്ടറിയിൽ വികസിപ്പിച്ച വൈറസാണിതെന്നും ഉപജാപക സിദ്ധാന്തകർ (Conspiracy theorists) വാദിക്കുന്നു. ഏത് രാജ്യത്താണ് ഇത് ഉത്പാദിപ്പിക്കപ്പെട്ടതെന്നും, ഇത് അബദ്ധത്തിൽ ഗവേഷണശാലയിൽ നിന്നും പുറത്തുപോയതാണോ, അതോ ബോധപൂർവ്വം കയറ്റുമതി ചെയ്തതാണോ എന്നുമുള്ള ചോദ്യങ്ങളും തർക്കങ്ങളും ലോക രാഷ്ട്രങ്ങൾ തമ്മിൽ നടന്നുകൊണ്ടിരിക്കുന്നത് മാധ്യമങ്ങളിലൂടെ നാം അറിഞ്ഞുകൊണ്ടിരിക്കുന്നു.



### 1.2 കൊറോണ: പ്രകൃതിയുടെ കോപം
(Nature's fury)

മനുഷ്യരാൽ നിരന്തരമായി അപമാനിക്കപ്പെടുകയും, മനുഷ്യർ ദുരുപയോഗം ചെയ്ത്, മലീമസമാക്കുകയും ചെയ്ത പ്രകൃതിയുടെ കോപവും, പ്രതികാരവും, ന്യായവിധിയുമാണ് കൊവിഡ്- 19 എന്നതാണ് വേറൊരു വാദം. "ഭൂമിയോളം ക്ഷമിക്കുക" എന്ന നാട്ടുമൊഴി സൂചിപ്പിക്കുംപോലെ സർവ്വംസഹയാണെങ്കിലും, ഭൂമിക്കും പ്രകൃതിക്കും താങ്ങാവുന്നതിനും ഒരു പരിധിയുണ്ടെന്നും, അതിന്മേലുള്ള ക്രൂരതയും, അക്രമവും അതിരുവിടുമ്പോൾ പ്രകൃതി പ്രതികാരദാഹിയായാൽ അതു സ്വാഭാവികമാണെന്നും, അതിശയിക്കാനില്ലെന്നും നിരീക്ഷിക്കപ്പെടുന്നു. മഹാമാരിയും, ഭൂകമ്പവും, പ്രളയവുമൊക്കെ ഉണ്ടാകുമ്പോൾ 'പ്രകൃതി ക്ഷോഭം' എന്നു നാം അതിനെ വിശേഷിപ്പിക്കുന്നതും ഇത്തരത്തിൽ പ്രകൃതിയുടെ കോപത്തെയും, പ്രതികാരത്തെയും സൂചിപ്പിക്കാനാവുമല്ലോ.

### 1.3 കൊറോണ : ദൈവത്തിന്റെ കോപം
(God's fury)

കൊറോണയെ രാഷ്ട്രീയ ഗൂഢാലോചനയുടെ ഭാഗമായ ശാസ്ത്രസൃഷ്ടിയോ, പ്രകൃതിയുടെ ന്യായവിധിയോ ആയി പൊതുസമൂഹം വിലയിരുത്തുമ്പോൾ വിശ്വാസ സമൂഹവും അതു സ്വീകരിക്കാറുണ്ട്. എന്നാൽ, അതോടൊപ്പമോ, വ്യതിരിക്തമായോ വിശ്വാസികളിൽ ചിലരെങ്കിലും കൊറോണയെ ദൈവത്തിന്റെ ന്യായവിധിയും, കോപവുമായി കരുതുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു.

### 1.4 കൊറോണ: കർത്താവിന്റെ പുനരാഗമനത്തിന്റെ അടയാളം
(A sign of Lord's second coming)

കൊറോണയെ ദൈവത്തിന്റെ ന്യായവിധിയാണെന്നു കരുതുന്നതിനോടൊപ്പമോ, അതിൽനിന്നു വ്യത്യസ്തമായോ, ഇത് അന്ത്യകാലത്തിന്റെയും, കർത്താവിന്റെ പുനരാഗമനത്തിന്റെയും അടയാളമായി ചില വിശ്വാസികൾ കരുതുന്നു. അടുത്ത സമയത്ത് ഒരു പ്രമുഖ മലയാള ദിനപ്പത്രത്തിൽ അരപേജ് വരുന്ന പരസ്യമായി ഒരു പ്രസംഗം നൽകിയിരുന്നത്, കൊറോണ കർത്താവിന്റെ വരവായി വിശ്വാസികളെ ഉദ്ബോധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടിയായിരുന്നു. ലോക്ഡൗൺ കാലത്ത് മുഖ്യധാരാ സഭകളിലെ പട്ടക്കാരിൽ പോലും ചിലർ സാമൂഹ്യമാധ്യമങ്ങളിലൂടെ ഇത് പുനരാഗമനത്തിന്റെ സമയമാണ് എന്ന് ഒരു അർത്ഥശങ്കക്കും ഇടയാകാത്തവിധം ഉറപ്പിച്ചു പ്രസ്താവിക്കുന്നതു ശ്രദ്ധിക്കുവാനിടയായി. 'ലോകം അവസാനിക്കാറായി' എന്നു വിശ്വാസികളിൽ പലരും ഇതോടൊപ്പം ആത്മഗതവും നടത്താറുണ്ട്.

## 2. കൊറോണ : ക്രൈസ്തവ വിശ്വാസ പ്രതികരണം

(യോഹന്നാൻ 9:1-5, മർക്കോസ് 4:35-41)

കൊറോണ വൈറസിന്റെ ഉറവിടവും, വ്യാപനവും സംബന്ധിച്ചുള്ള അന്വേഷണങ്ങൾ പ്രസക്തമാണ്. അതിനെ പ്രതിരോധിക്കുവാനും, അതിജീവിക്കുവാനുമുള്ള പരിശ്രമവും അനുസ്യൂതമായി നടക്കുന്നു. ഇത്തരം ശ്രമങ്ങളെ പ്രതീക്ഷയോടും, പ്രാർത്ഥനയോടുംകൂടെ പിൻതുണയ്ക്കുമ്പോൾ തന്നെ കൊവിഡ് - 19 നോടുള്ള വിശ്വാസപ്രതികരണം നാം നിർവഹിക്കേണ്ടതുണ്ട്. രണ്ടു പ്രതികരണങ്ങൾ മാത്രം സമർപ്പിക്കുന്നു.

### 2.1 വിശുദ്ധമായ വിവരക്കുറവുള്ളവരാകുക
(Holy Ignorance)

കൊവിഡ്-19 നോടുള്ള ക്രൈസ്തവ വിശ്വാസികളുടെ ഒരു പ്രതികരണം വിശുദ്ധമായ വിവരക്കുറവ് (Holy Ignorance) സ്വീകരിക്കുക എന്നതാണ്. പ്രകൃതിക്ഷോഭങ്ങളോ, ദുരന്തങ്ങളോ, കൊവിഡ്-19 പോലുള്ള മഹാമാരികളോ എങ്ങനെ ഉണ്ടാകുന്നു എന്ന് കൃത്യമായി മനസ്സിലാകുന്നിനു മുൻപുതന്നെ തങ്ങൾക്ക് അതിന്റെ കാരണം വ്യക്തമായി അറിയാം എന്നമട്ടിൽ പ്രതികരണം നടത്തുന്നത് അപകടകരമായ അജ്ഞതയായി വെളിപ്പെടാം. കൊറോണയെ സംബന്ധിച്ച് മേൽചൂണ്ടിക്കാണിച്ച നാലുകാരണങ്ങളും ഇതിനുദാഹരണങ്ങളാണ്.

ഇതിൽ രണ്ടു ഭാഗങ്ങൾ പരിശോധിക്കാം. ദൈവത്തിന്റെ കോപവും, ശിക്ഷാവിധിയുമാണ് കൊവിഡ്-19 എന്ന ചിന്താഗതി പരിശോധിച്ചാൽ ചില ചോദ്യങ്ങൾ ഉയരുന്നതു കാണാം. ഒന്നാമതായി, ദൈവം അനീതിയുടെ ന്യായാധിപനാണോ? ഓരോരുത്തർക്കും അവരവരുടെ പ്രവൃത്തികളിൻ പ്രകാരം പ്രതിപകരം നൽകുന്ന ദൈവത്തെയാണ് നാം പുതിയനിയമത്തിലും, ആരാധനകളിലും പ്രഘോഷിക്കുന്നത്. അങ്ങനെ വരുമ്പോൾ, കൊറോണ മൂലം ജീവനും, ജീവന ഉപാധികളും നഷ്ടപ്പെട്ടവർ മാത്രം കുറ്റക്കാരും ബാക്കിയുള്ളവർ നീതിയുള്ളവരും എന്നു കരുതാമോ? അഥവാ നിരപരാധികളും, നിർദ്ദോഷികളും എന്നു കരുതാവുന്നവർ ഇതുമൂലം ദുരന്തവും ദുരിതവും അനുഭവിക്കുന്നുവെങ്കിൽ ദൈവവും അനീതി നടപ്പിലാക്കുന്നു എന്നു പറയേണ്ടി വരികയില്ലേ?

പ്രകൃതിക്ഷോഭവും, മഹാമാരിയുമൊക്കെയാണ് ദൈവത്തിന്റെ ശിക്ഷാവിധികൾ എങ്കിൽ ഇത്തരം പ്രശ്നങ്ങൾ ഒന്നും ഇല്ലാതിരിക്കുന്ന കാലം ശിക്ഷാവിധിയും, പാപദോഷങ്ങൾ അകന്നതുമായ കാലം എന്നു പറയാമോ? സമൃദ്ധിവരുമ്പോൾ അതു ദൈവകൃപയായും, കഷ്ടതകൾ സംഭവിക്കുമ്പോൾ അതു ദൈവകോപമായും വ്യാഖ്യാനിച്ചാൽ അതു സമൃദ്ധിയുടെ സുവിശേഷം (Prosperity gospel) മാത്രമാവുകയില്ലേ? തന്നെയുമല്ല, ദൈവം അപ്പോഴപ്പോൾ ശിക്ഷവിധിച്ചുകൊണ്ടിരിക്കുന്നു എന്ന നിരീക്ഷണത്തിന്റെ പുതിയനിയമ അടിസ്ഥാനം എന്താണ്? ചരിത്രത്തിലെ ഓരോ സംഭവങ്ങളും വിശകലനം ചെയ്തുകൊണ്ട് ഇന്നതിന്നതൊക്കെ ദൈവപ്രസാദമാണ്, മറ്റുള്ളതൊക്കെ ദൈവത്തിന്റെ കോപമാണ് എന്നു പ്രഖ്യാപിക്കാനുള്ള അളവുകോൽ എന്താണ്?

അവസാന ഉദാഹരണമായി, കൊറോണ കർത്താവിന്റെ പുനരാഗമനത്തിന്റെ അടയാളമാണെന്ന് യാതൊരു മടിയും വീണ്ടുവിചാരവുമില്ലാതെ വിളിച്ചു പറയുന്നത് വേദവിപരീതമല്ലേ? ക്ഷാമവും, ഭൂകമ്പവും, പട്ടിണിയും, മഹാമാരിയും സാധാരണയിൽ കവിഞ്ഞുണ്ടായ സന്ദർഭങ്ങളിലെല്ലാം വിശ്വാസികളിൽ ചിലർ അതു കർത്താവിന്റെ രണ്ടാം വരവുമായി ബന്ധപ്പെടുത്തിപ്പറയുകയും, ജനങ്ങളെ ഇളക്കുന്നതിൽ ഒരു പരിധി വരെ വിജയിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ വിവിധ ഉദാഹരണങ്ങൾ സഭാചരിത്രത്തിൽ നിരവധിയായുണ്ട്. 2000 ആണ്ടിലേക്ക് നാം പ്രവേശിക്കന്ന സമയത്ത് കർത്താവിന്റെ പുനരാഗമനം സംബന്ധിച്ചുണ്ടായ പ്രചരണങ്ങൾ ഓർക്കുന്നതും ഇത്തരുണത്തിൽ പ്രസക്തമാണ്. കൊറോണക്കാലം കർത്താവിന്റെ രണ്ടാം വരവുണ്ടാകും അഥവാ അതിനു മുന്നൊരുക്കമാണെന്ന് പ്രസ്താവിക്കുവാൻ ചിലരെ ചുമതലപ്പെടുത്തിയത് ആരാണ്? കർത്താവ് എപ്പോൾ വരും എന്ന് ആർക്കും അറിയില്ല എന്നതിനാൽ കർത്താവ് കൊറോണ കഴിഞ്ഞേ വരികയുള്ളൂ എന്ന് പറയുവാൻ ആർക്കാണ് അധികാരം?

കൊവിഡ്-19 സംബന്ധിച്ചോ, പ്രകൃതിക്ഷോഭങ്ങൾ സംബന്ധിച്ചോ ഉയരുന്ന പല ചോദ്യങ്ങൾക്കും കൃത്യമായ ഉത്തരം നമ്മുടെ പക്കൽ ഇല്ല എന്ന് അംഗീകരിക്കുന്നതാണ് വിശുദ്ധമായ വിവരക്കുറവ് (Holy ignorance). ഇല്ലാത്ത ഉത്തരങ്ങൾ ഉണ്ടെന്നു ഭാവിക്കുന്നതും, അറിയാത്ത കാര്യങ്ങൾ ഉത്തരങ്ങളായി പ്രഖ്യാപിക്കുന്നതും അറിവല്ല, അഹങ്കാരമാണ് (arrogance). വിശുദ്ധമായ വിവരക്കുറവ് വെളിപ്പെടുത്തിയ യേശു കർത്താവാണ് ക്രൈസ്തവ വിശ്വാസികളായ നമ്മുടെ മാതൃക. എല്ലാ ചോദ്യങ്ങളുടേയും ഉത്തരം യേശുവിന് അറിയുമായിരുന്നില്ല; അഥവാ ഉത്തരം അറിഞ്ഞിരിക്കണമെന്ന ശാഠ്യവും യേശു പ്രകടിപ്പിച്ചിരുന്നില്ല. പിറവിയിലെ കുരുടനായിരുന്നവനെക്കുറിച്ചുള്ള ശിഷ്യന്മാരുടെ ചോദ്യവും തുടർസംഭവങ്ങളും ഇത്തരുണത്തിൽ പ്രധാനമാണ് (വി. യോഹന്നാൻ 9-ാം അദ്ധ്യായം). 'ഗുരോ ഇവൻ കുരുടനായി പിറക്കത്തക്കവണ്ണം ആർ പാപം ചെയ്തു. ഇവനോ, ഇവന്റെ അമ്മയപ്പന്മാരോ എന്ന ചോദ്യത്തിന് ആരുടെ പാപം കാരണമാണ് അവൻ കുരുടനായത് എന്നു യേശു ഉത്തരം പറഞ്ഞില്ല. മറ്റൊരവസരത്തിൽ, തന്റെ ഇടത്തും വലത്തും ഇരിപ്പാൻ വരം ചോദിച്ച സെബദിമക്കളോട്, അത്തരം വരങ്ങൾ നൽകുന്നത് തന്റേതല്ല, ആർക്ക് ഒരുക്കിയിരിക്കുന്നുവോ അവർക്കുകിട്ടും (വി.മർക്കോസോ 10:40) എന്നു യേശു പ്രസ്താവിച്ചതിലൂടെ അത്തരം തീരുമാനങ്ങൾ പിതാവിന്റേതാണ് എന്ന് ധ്വനിപ്പിക്കുകയായിരുന്നു. കഷ്ടതയും പാപവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും, ദൈവരാജ്യപദവികളെ സംബന്ധിച്ചും ഉയർന്ന ചോദ്യങ്ങൾക്കുത്തരം നൽകാൻ വിസമ്മതിച്ചതിലൂടെ യേശു, ഒന്നുകിൽ വിശുദ്ധമായ വിവരക്കുറവ് തനിക്കുണ്ടെന്ന് വെളിപ്പെടുത്തി, അല്ലെങ്കിൽ ശിഷ്യന്മാർക്ക് അത് ഉണ്ടായിരിക്കണം എന്നു വെളിപ്പെടുത്തി. എന്നാൽ, യേശു തന്റെ 'വിശുദ്ധമായ വിവരക്കുറവ്' സ്ഷ്ടമായി വെളിവാക്കിയ സന്ദർഭം വി.മത്തായി വിവരിക്കുന്നുണ്ട്. അത്തിയുടെ ഉപമ വിവരിച്ച ശേഷം യേശു പറയുന്നത്: "ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവ് മാത്രമല്ലാതെ, ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല" (വി. മത്തായി 24:36) എന്നാണ്. പുനരാഗമനത്തെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ ഈ വിശുദ്ധ വിവരക്കുറവ് തന്റെ ശിഷ്യന്മാർക്കും നിശ്ചയമായും ഉണ്ടായിരിക്കണം എന്ന് യേശു തന്റെ പുനരുത്ഥാന ശേഷം കർശനമായി നിഷ്കർഷിക്കുന്നതായി നാം വായിക്കുന്നു. "പിതാവ് തന്റെ സ്വന്ത അധികാരത്തിൽ വെച്ചിട്ടുള്ള കാലങ്ങളെയോ സമയങ്ങളെയോ അറിയുന്നത് നിങ്ങൾക്കുള്ളതല്ല" (അ.പ്ര. 1:7) എന്ന യേശുവിന്റെ പ്രഖ്യാപനം എക്കാലത്തേക്കുമുള്ള നിരോധനം തന്നെയാണ്.

മനുഷ്യർക്ക് ചൂഷണം ചെയ്യാനോ, കടന്നു കയറാനോ ഉള്ളതല്ല പ്രകൃതിയും, ഇതര സൃഷ്ടികളും. ദൈവഹിതത്തിനു ചേരാത്ത വിധത്തിൽ അധാർമ്മികതയും, ആഡംബരവും, ധൂർത്തും നിറഞ്ഞുള്ള ജീവിതശൈലി നാം

സ്വീകരിക്കരുത്. സഭയുടെ സാക്ഷ്യം നഷ്ടപ്പെട്ടു പോകാതിരിക്കത്തക്കവിധമുള്ള ജാഗ്രതയും, സമർപ്പണവും സഭാനേതാക്കൾക്കും, സഭാംഗങ്ങൾക്കും തീർച്ചയായും ഉണ്ടായിരിക്കണം. എന്നാൽ ഇതൊക്കെ, പ്രകൃതിദുരന്തമോ, കൊറോണ വൈറസുമായോ മാത്രം ബന്ധപ്പെടുത്തി പരിമിതപ്പെടുത്തേണ്ടതോ വീണ്ടും പറയാൻ അടുത്തദുരന്തം ഉണ്ടാവുന്നതുവരെ കാത്തിരിക്കേണ്ടതോ ആയ പ്രമാണങ്ങളല്ല. ദുരന്തകാലത്തു മാത്രമായുണ്ടാകുന്ന കുമ്പസാരങ്ങളും, മാനസാന്തരവുമൊക്കെ ഉപരിപ്ലവവും, ക്ഷണികവുമാണെന്ന യാഥാർത്ഥ്യം സമീപകാല പ്രളയാനുഭവത്തിൽ നിന്നും നാം പഠിച്ചതുമാണ്. മാത്രവുമല്ല, പ്രകൃതി സൗഹൃദ ജീവിതവും സാക്ഷ്യജീവിതവും ദൈവത്തോടോ, പ്രകൃതിയോടുള്ള ഭയത്തിൽ നിന്നോ, ശിക്ഷകൾ ഒഴിവാക്കാനുള്ള വഴിയായോ ക്രൈസ്തവ വിശ്വാസജീവിതം എന്ന പുതിയ നിയമ കാഴ്ചപ്പാടാണ് നാം ഉയർത്തിപ്പിടിക്കേണ്ടത്.

**2.2. വിശുദ്ധമായ ഇടപെടലുകൾ നടത്തുക**
(Holy Interference)

മഹാമാരിയും മനുഷ്യപാപവും തമ്മിലുള്ള ബന്ധമോ, പ്രകൃതിദുരന്തങ്ങളുടെ കാരണങ്ങളോ കൃത്യമായി അറിവില്ലാതിരിക്കുമ്പോൾ തന്നെ, അതെല്ലാം പ്രകൃതിയുടെയോ, ദൈവത്തിന്റെയോ കോപമോ, ന്യായവിധിയോ, പുനരാഗമനത്തിന്റെ കാഹളധ്വനിയോ ആണെന്നു പ്രഖ്യാപിക്കാതിരിക്കാനുള്ള വിശുദ്ധമായ വിവരക്കുറവ് ഉള്ളവരായി വിശ്വാസികൾ പെരുമാറുന്നതാണ് ഒരു ക്രൈസ്തവ വിശ്വാസ പ്രതികരണമായി നാം പരിഗണിച്ചത്. ഇതോടൊപ്പം ചേർന്നു നിൽക്കുന്ന രണ്ടാമത്തെ വിശ്വാസപ്രതികരണമാണ് വിശുദ്ധമായ ഇടപെടലുകൾ നടത്തുക എന്നത്.



കാണുന്നതല്ല വിശ്വാസപ്രതികരണം. ഭയമല്ല, സ്നേഹമാണ് ക്രൈസ്തവജീവിതത്തിന്റെ അടിസ്ഥാനം. തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു എന്ന തിരുവചനത്തിന്റെ പൊരുളും ഇതുതന്നെ. ചുരുക്കത്തിൽ, സകലത്തിന്റെയും സൃഷ്ടാവായ ദൈവത്തിന്റെ സ്നേഹത്തോടുള്ള പ്രതികരണമായിരിക്കണം

മഹാമാരിയുടേയും, ദുരന്തങ്ങളുടേയും സന്ദർഭങ്ങളിൽ അവയുടെ കാരണം അറിയില്ല എന്നതു കൊണ്ട് മാറിനിൽക്കുന്നതല്ല വിശ്വാസ പ്രതികരണം. ഉത്തരങ്ങൾ അറിയാത്തതും, വ്യക്തമാകാത്തതുമായ സന്ദർഭങ്ങളിലും ഇടപെട്ടുകൊണ്ട് ദൈവനാമം മഹത്വപ്പെടു



ത്തുന്നതാണ് ക്രൈസ്തവ വിശ്വാസികളുടെ ഉത്തരവാദിത്തം. യേശുതന്നെയാണ് ഇവിടെയും നമ്മുടെ മാതൃക. യേശുവിന്റെ ശിഷ്യന്മാർ പിറവിയിലെ കുരുടനായിരുന്ന മനുഷ്യനെക്കുറിച്ച് ചോദിക്കുന്നത്, ഇവന് ഇത്തരം ഒരു കഷ്ടത ഉണ്ടായത് ആരുടെ പാപം കൊണ്ടാണ് എന്നാണ്. എന്നാൽ, അവൻ കുരുടനായതിന്റെ ഹേതുവായി ആരുടെയെങ്കിലും പാപം ഉണ്ടെന്ന് ഉറപ്പിക്കുവാൻ (sin fixing) യേശു വിമുഖത കാണിക്കുക മാത്രമല്ല, ചോദ്യോത്തരങ്ങൾക്കപ്പുറമായി, കുരുടൻ ദൈവനാമമഹത്വം ദർശിക്കുംവിധം ഇടപെടുകയും ചെയ്തു. തന്റെ ഇടപെടലിനെ ന്യായീകരിച്ചുകൊണ്ട് യേശു പറഞ്ഞത്, "ഇവനോ ഇവന്റെ അമ്മയപ്പന്മാരോ പാപം ചെയ്തിട്ടല്ല. ദൈവപ്രവൃത്തി അവങ്കൽ വെളിവാകട്ടെ" എന്നു പരിഭാഷപ്പെടുത്തണമെന്ന് നിരീക്ഷിക്കുന്ന വേദപുസ്തക ഭാഷാപണ്ഡിതരുടെ അഭിപ്രായം അർത്ഥവത്താണ്. അതിനുപകരം, അവൻ കുരുടനായി പിറന്നതുതന്നെ ദൈവനാമം മഹത്വപ്പെടേണ്ടതിനാണെന്നു കരുതിയാൽ, ആർക്കു കഷ്ടവും ദുരിതവും സംഭവിച്ചാലും കുഴപ്പമില്ല, തനിക്ക് മഹത്വം ഉണ്ടാകണമെന്നു ദൈവം ചിന്തിക്കുന്നു എന്നു കരുതേണ്ടിവരും. ദൈവം ഓരോരുത്തർക്കും കഷ്ടത വരുത്തുകയും, അതു പിന്നീട് പരിഹരിച്ച്, സ്വന്തം മഹത്വം സ്ഥാപിച്ചെടുക്കുകയും ചെയ്യുന്ന സ്വാർത്ഥനോ, ക്രൂരനോ അല്ല. ഏതു കഷ്ടതയുടേയും, ദുരിതത്തിന്റെയും, ദുരന്തത്തിന്റെയും നടുവിലും കരുണയോടെ ഇടപെട്ടു രൂപാന്തരം വരുത്തുന്ന ദൈവത്തെയാണ് യേശു വെളിപ്പെടുത്തിയത്. ഇരകളായിത്തീരുന്നവരോട് തോളോടുതോൾ ചേർന്ന് ഐക്യദാർഢ്യം നല്കി ദൈവനാമം വെളിപ്പെടുത്തുകയും മഹത്വപ്പെടുത്തുകയും ചെയ്ത യേശുവാണ് നമ്മുടെ ദർശനത്തെ രൂപപ്പെടുത്തുകയും വിശുദ്ധമായ ഇടപെടലുകളിലേക്ക് നമ്മെ നയിക്കുകയും ചെയ്യേണ്ടത്.

പിറവിയിലെ കുരുടനായിരുന്നവന്റെ പക്ഷം ചേർന്ന യേശു, കാറ്റിന്റേയും തിരകളുടേയും ക്ഷോഭം മൂലം പ്രാണഭയത്തിലായ ശിഷ്യരുടേയും പക്ഷം ചേർന്ന് കാറ്റിനെ ശാസിക്കയും കടലിനോട് അനങ്ങാതിരിക്ക എന്നു കൽപിച്ച് ശാന്തത വരുത്തുകയും ചെയ്തു. രോഗവും, കാറ്റും, തിരയും വരുത്തുന്ന പ്രകൃതിയെ സ്വയം ഭരണത്തിനു വിട്ടേക്കാം എന്നു കരുതാതെ ഇടപെടുക വഴി പ്രകൃതിക്കും എന്തൊക്കെയോ കാരണങ്ങളാൽ ദൈവഹിതത്തിനു വിരുദ്ധമായി പെരുമാറാനുള്ള സാധ്യതകൾ ഉണ്ടെന്നും, പ്രകൃതിയുടെമേലും തനിക്കു കർത്തൃത്വം ഉണ്ടെന്നും വെളിവാക്കുന്നു. വേറൊരു വിധത്തിൽ പ്രകൃതിയിലും, മനുഷ്യജീവിതത്തിലും ഇടപെട്ട് ദൈവമഹത്വവും, ദൈവഹിതവും യേശു മാതൃകാപരമായി വെളിവാക്കിത്തരുന്നു.

ദുരന്തങ്ങളുടേയും മഹാമാരിയുടേയും സന്ദർഭങ്ങളിൽ ഇരകളായിത്തീരുന്നവരുടെ ശാക്തീകരണത്തിനും ഗുണീകരണത്തിനുമായുള്ള ഇടപെടലുകളാണ് ക്രൈസ്തവ സഭകളും വിശ്വാസികളും നിർവഹിക്കേണ്ടത്. ഇതു സാധ്യമായിത്തീരുന്നത് നാം വിശ്വാസം നിറഞ്ഞവരായിത്തീരുന്നതിലൂടെയാണ്. മനുഷ്യന് അത്യാവശ്യമുള്ളവയുടെ പട്ടികയിൽ ജോലി, ഭക്ഷണം, യാത്രകൾ എന്നിവ ഉൾപ്പെടുകയും ആരാധനകൾ ആവശ്യമില്ലാത്തവയായി ഒഴിവാക്കപ്പെടുകയും ചെയ്യുന്ന കൊറോണക്കാലത്ത് വിശ്വാസ ദൃഢീകരണവും അത്യന്താപേക്ഷിതമാണ്. കൊടുങ്കാറ്റുമൂലം പടകിൽ വെള്ളം കയറിയതിനാൽ പ്രാണഭയത്തിലായി യേശുവിനെ കുറ്റം പറയുന്ന ശിഷ്യന്മാരെ യേശു ശാസിക്കുന്നത് നിങ്ങൾ "ഇങ്ങനെ ഭീരുക്കൾ ആകുവാൻ എന്ത്? നിങ്ങൾക്ക് ഇപ്പോഴും വിശ്വാസം ഇല്ലയോ" എന്നു ചോദിച്ചുകൊണ്ടാണ്. നമ്മുടെ ഉള്ളം നിറയേണ്ടത് ഭയം കൊണ്ടല്ല, വിശ്വാസം കൊണ്ടാണ് (to be faithfilled rather than fearfilled). ഭയമോ, ഭയം കൊണ്ടുള്ള ഭക്തിയോ അല്ല ദൈവത്തോടുള്ള സ്നേഹവും, ദൈവത്തിലുള്ള വിശ്വാസവും ആണ് കൊറോണക്കാലത്ത് വിശുദ്ധമായ വിവരക്കുറവ് പ്രഖ്യാപിച്ചുകൊണ്ട് വിശുദ്ധമായ ഇടപെടലുകൾ നടത്തി ദൈവനാമം വെളിപ്പെടുത്തുന്നതിനും മഹത്വപ്പെടുത്തുന്നതിനും നമ്മെ പ്രാപ്തരാക്കിത്തീർക്കേണ്ടത്.

# COVIDIAN CHALLENGE:

## Clamour for Control or Cry for Coexistence



**Rev. Roji Mathews Abraham**

Rampant rumours claim that the novel corona virus SARS Cov2 causing COVID-19 was lab-made. If true, it stemmed from a perpetrator's lust for control. If not, then, amidst races to reestablish control via vaccines, evacuations, migrations, distancing, etc., it's a motivated international ruse guising utter helplessness as control.

Conversely august academic authorities can only forecast successful pharmacological solutions earliest by 2021 or even as late as 2024 prompting financial gurus to compel world polities to adapt to COVID-19 and reopen markets, restart productions to arrest economic free fall even at the inevitable risk of exponential collateral damages. Such market insensitivities are inadvertently challenged by the WHO, SIGs and activists. But even their best sensibilities do not negate the impending doom of famine and starvation that could claim more lives than the virus itself, if drastic interventions delay.



Historically, pandemics have erupted everywhen the natural balances have been tipped by mindless human aggravations to exert control. With the most recent examples like Spanish Flu, AIDS, Ebola, Chikun Gunya, Nippa, SARS, MERS and now the COVID-19, one can contend that pandemics are proofs of cataclysmic retaliations to violation of natural order. The Noahic Flood in Genesis strategically struck when sinful human fixations peaked distorting divine order with mortal divides wherein a privileged class - the sons of God - controlled and usurped upon a cattle class - the daughters of humans - (Gen. 61,2). God's judgement upon that milieu, the great flood, was also a natural rebooting. The lockdown within the ark, was a divinely instituted sabbatical during which humans were re-educated to coexist with nature in a new biome (the ark) from where they stepped onto a new order.

Pandemics are portals, Arundhathi Roy rightly stated, needing us to break with the past and imagine the world anew without dragging our emotional, economic and ecological carcasses into the new world we ought to reimagine and fight for. This new, however, isn't a yet unseen invention but the qualitative seasoning of the known realms with a new order that expressly reveals the unnecessities of control and promotes the coexistence of even erstwhile contradictions. Hence, the covidian period is a liminal wherefrom one can gaze at the old but never return thence.

When nothing anywhere will ever be the same post COVID-19, the Church too must perceive the challenge of lockdowns and distancing variantly. It's either a violent jolt to merely gear up and conduct virtual parishes. Or, this calamity is a wake-up call to pioneer new missional fronts with deeper understanding of life in whole. It raises two choices: plunge into the clamour for control or give ear to the cry for coexistence. And, each merit retrospection.

**1. CHARITY**

Charity is a necessary social affirmation amidst calamities. The Church, globally and regionally, is active in pandemic reliefs - distributing provisional kits, food kits, PPE kits, etc. Yet charity, if it does not emancipate does wrong by further cornering the benefactor into receiving ends. In other words, sans emancipation charity will only foster class control and enslave the poor to remain forever poor.

Matthew 2540, 45 reads: "The King will reply, 'Truly I tell you, whatever you did for one of the least of these brothers and sisters of mine, you did for me.' ... . 'Truly I tell you, whatever you did not do for one of the least of these, you did not do for me.' The catchword herein, LEAST, speaks aloud of God's preferential option for the poor, broken, sick, destitute, etc. It also clarifies that God approves of only them that passionately endeavour in sharing, if not alleviating, the agonies of the least. Together they are God's elect / called-out ecclesia; and, amidst this pandemic they are the migrant communities in exodus and all who deliberately side with their pain.

The Church is liberative, especially during lockdowns, only when it assumes a radical social role and critically trains its antennae upon public policies that agonize millions. For instance, imagine a cramped quarter in the ghettos of urban India that house 8-15 occupants in the scorching summer during the lockdowns. This prescription is more punishing and life-threatening. What was the Church's role in the Indian episode of lockdowns? Atleast, the NCCI strongly advocates the use of the term physical distancing instead of social distancing.

Charity must not chain any community, especially the Mar Thoma Church, to spiral in the calamitous drama of image control. For she has historical antecedents of radical political and social engagements in nation building that mustn't simply awe but awaken us to act wisely. Very soon, financial burdens of extended lockdowns can numb even the most charitable parishioners to cry of the displaced. What will then become of the poor?

**2. VIRTUALITY**

Little or nothing can substitute virtual means to compensate for extended religious curfews and physical distancing. Media have indeed shrunk distances and boosted fellowships beyond borders on virtual spaces. Clerics has turned savvy in shepherding communities online. This pandemic has also triggered a new wave of pooling ministerial resources online. For e.g., the Mar Thoma Sunday School Samajam Online VBS 2020 & several other fantastic Diocesan and Centre-based organizational innovations.

Yet, what really is the true end of virtual media enterprises in a locked down Church? Entice crowds or enlighten communities? Before lockdowns parishioners were crowds distanced at heart. During lockdown they crave union while forced to stay apart. So, when a virus - like a preposterous post-deluge parable - has razed barriers virtually in Nicean proportions (visible and invisible), are clerics merely innovating possibilities to ritually fatten their locked down flocks for new divides or are they re-educating sabbatical communities

against any more divides in the new normal?

The sabbatical Church communing virtually must, instead, strain and strive to reclaim the long-lost heart of its liturgical life - cherish filial fellowship in real spaces. The lockdowns are an amnesty to realize and confess the sins of ambiguous disunity and dissolve boundaries within ourselves, the real 'temple(s) of the Holy Spirit'- 1 Corinthians 619 in the new normal. The renewed Church will then transcend the ambiguities of its togetherness and the tranquilities of virtual congregations in reality and own the agonies of their once unseen and unheard brethren of God's ecclesia.

**3. ECCLESIOLOGY**

The pandemic has driven the Church to the crossroads for redefinitions. The covidian sabbatical Church should examine extant ministerial and missional traditions of leadership and hierarchy for new models. The worldwide lockdown has interestingly invigorated family fellowship and church@homes. But did it inspire joyous dialogues for deeper understanding of the royal priesthood of all believers; or, did it invite brave debates and compromised summations of functional differences between the baptized and the ordained? If the latter, then virtuosities exhibited now are signs of lugging baggages of clerical control into the aftermath of lockdown with renewed vigour.

Can't our Church retrace through the scriptures to rekindle its reformative spirit and re-flame new progresses with renewed understanding of priesthood? For, the priestly call of Israel was not in a milieu devoid of temples or priests. They were a new priestly model amongst the nations then and there. We know that the Tribe of Levi was not allotted land in Canaan. Until the temple was built and the nation was split the Levites were dispersed among but cared for by the other tribes (Numbers 351-8). Ironically, authentic and reliable historical evidences of the pre-temple period are unavailable. This coupled with the many Pentateuchal commands and prophetic reminders that Israelites must ever care for the poor, widows, orphans, foreigners, and that they were once slaves who were delivered by Yahweh, the special designation of the Levites were to keep the testimony of past liberations, the present social responsibilities, and the unending priestly call of all God's people alive forever. The curious reader can even be tugged to correlate between this lost past and the early post-resurrection community before dispersions in the Acts of the Apostles. The Holy Spirit that anoints the apostolic ecclesia for evergreen and contextual ministries will strengthen all disciples to practically envision the emboldening of the priesthood of its laity and the latent proficiencies of its clergy for mutual sustenance without still endangering its episcopal echelons.

The emerging trends of the new normal will even examine extant ecumenical tendencies. Because, for years, ecumenical exercises were bent on striking up alliances - first among protestants, then among all Christians, all religions, all human beings and finally amongst all of created order. These ideals that barely spilled from texts onto terra-firma beyond human camaraderie invited severe criticism that these were to impose control over realms in Christendom than to inspire coexistablity. Such narratives of convenient alliances must be redressed by divine models of coexistence and equity.

So, when the days of liberation we await finally dawn, may the church never be chained down in new bonds of slavery by the confetti of celebrations but be liberated by the chords of divine filiality that cannot be broken. *Amen.*


**അടുത്തലക്കം ഹെർമ്മോൻ ദൂതനിൽ പ്രസിദ്ധീകരിക്കുവാനുള്ള**
**തിരുവചനധ്യാനങ്ങൾ, വാർത്തകൾ, ലേഖനങ്ങൾ, പഠനങ്ങൾ, കഥകൾ കവിതകൾ, പരസ്യങ്ങൾ,**
**കാര്യപരിപാടികൾ, വ്യക്തിഗതനേട്ടങ്ങൾ എന്നിവ അറിയിച്ചാൽ**
**എഡിറ്റോറിയൽ കമ്മറ്റിയുടെ അനുമതിക്കു വിധേയമായി അവ പ്രസിദ്ധീകരിക്കുന്നതായിരിക്കും.**

**2020 ആഗസ്റ്റ് 20 നു മുൻപ് ലഭിച്ചിരിക്കണം. നിങ്ങളുടെ അഭിപ്രായങ്ങൾക്കും സ്വാഗതം**
**2020 ഒക്ടോബർ – ഡിസംബർ, വിഷയം: കുടുംബവും യുവജനങ്ങളും**

*കൂടുതൽ വിവരങ്ങൾക്ക്:* **റവ. പി. ജെ. തോമസ് 9447804802, എഡിറ്റർ ഹെർമ്മോൻ ദൂതൻ**
**ഹെർമ്മോൻ അരമന, അടൂർ – 691 523** hermondoothan@gmail.com

## ഹരിതഭവനം: ഭദ്രാസനവികസനസംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട വിത്ത് വളം വിതരണം



മാതൃകാകൃഷിത്തോട്ടം: ഭദ്രാസന വികസനസംഘം
നടത്തിവരുന്ന കൃഷിത്തോട്ടം





മൊബൈൽ വിതരണം: വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിനായി ഏഴംകുളം ശാലേം എംറ്റിസി ക്രമീകരിച്ച മൊബൈൽ വിതരണത്തിന്റെ ഉദ്ഘാടനം എം.എൽ.എ ചിറ്റയം ഗോപകുമാർ നിർവ്വഹിക്കുന്നു.




ഏനാത്ത് സെന്റർ യുവജനസഖ്യം ക്രമീകരിച്ച ഓൺലൈൻ കലാമേള
വർണ്ണം 2020

## കുളക്കട മാർത്തോമ്മാ ഇടവകയുടെ ലോക്ഡൗൺ കാലയളവിലെ വിവിധ സംരംഭങ്ങൾ




**അതിഥികൾക്കൊപ്പം**




**അടുക്കളയ്ക്കൊരു രുചിക്കൂട്ട്**



**മുറ്റത്തൊരു തോട്ടം**



**ഹാൻഡ് വാഷിംഗ് പദ്ധതി**

## കായംകുളം ശാലേം മാർത്തോമ്മാ ഇടവകയുടെ ലോക്ഡൗൺ കാലയളവിലെ വിവിധ പദ്ധതികൾ



കമ്മ്യൂണിറ്റി അടുക്കളയ്ക്കൊരു കൈത്താങ്ങ്



ഭക്ഷണത്തിനുള്ള സഹായം





മാസ്ക് വിതരണം

## വാത്തികുളം സെന്റ് പോൾ & ബഥേൽ ഇടവകകളുടെ ലോക്ഡൗൺ കാലയളവിലെ വിവിധ പദ്ധതികൾ










## ഏനാത്ത് മാർത്തോമ്മാ ഇടവകയുടെ ലോക്ഡൗൺ കാലയളവിലെ വിവിധ പദ്ധതികൾ



ഓൺലൈൻ മാഗസീൻ പ്രകാശനം



മാസ്ക് വിതരണം

## കുന്നത്തൂർ ശാലം മാർത്തോമ്മാ ഇടവകയുടെ ഭക്ഷണകിറ്റ് വിതരണം



# കോവിഡ് ബാധിത ലോകത്തിലെ സഭാ ശുശ്രൂഷ

റവ. ജോജി കെ. മാത്യു

SARVS Cov.2 എന്ന കൊറോണവൈറസ് ബാധയിലൂടെ ലോകചരിത്രത്തിന്റെ ഗതിവിഗതികൾ മാറിമറിഞ്ഞുകൊണ്ടിരിക്കുന്നു. ഉത്തരം കിട്ടാത്ത ഒട്ടനേകം ചോദ്യങ്ങൾ നമുക്ക് മുമ്പിലുണ്ട്. ഉപസംഹാരത്തിലെത്താത്ത അനേകചർച്ചകൾ ലോകമെമ്പാടും നടന്നുകൊണ്ടിരിക്കുന്നു. ഈ കാലയളവിൽ സഭാശുശ്രൂഷകളിൽ ശിഷ്യഗണങ്ങൾ പൂർത്തീകരിക്കേണ്ടുന്ന പ്രധാനപ്പെട്ട ദൗത്യങ്ങൾ താഴെ ചേർക്കുന്നവയാണ്. (MK:3:14)

1. Healing the Sick (രോഗികൾക്ക് സൗഖ്യം)
2. Ministry of the fellowship (സഹവർത്തിത്വത്തിന്റെ ദൗത്യം)
3. Witnessing the Gospel (സുവിശേഷത്തിന്റെ സാക്ഷ്യ നിർവ്വഹണം)
4. Ministry of feeding the needy (വിശക്കുന്നവന് ഭക്ഷണം നൽകുക)

കോവിഡ് – 19 രോഗബാധ നമുക്കുമുമ്പിൽ സൃഷ്ടിച്ച അപരിചിതമായ അനിശ്ചതത്വം സഭാ ശുശ്രൂഷകളെ സ്തംഭിപ്പിച്ചു എങ്കിലും ശുശ്രൂഷകൾ ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. Matt Rogers തന്റെ ഒരു ലേഖനത്തിന് ശീർഷകം കൊടുത്തിരിക്കുന്നത് ശ്രദ്ധേയമാണ്. “Church will never be the same and that's good'' കോവിഡ്–Lock down ന് ശേഷം സഭ പഴയ രൂപത്തിലായിരിക്കില്ല എന്ന കാഴ്ചപ്പാട്, കോവിഡ്–19 വരുത്തി വയ്ക്കാവുന്ന സാമൂഹിക–സാംസ്കാരിക–ആദ്ധ്യാത്മിക പരിവർത്തനങ്ങളിലേക്കുള്ള വിരൽ ചൂണ്ടിയാണ്. സന്ദർഭോചിതമായ ശുശ്രൂഷക്ക് പ്രാപ്തമാക്കപ്പെടുന്നില്ലെങ്കിൽ നാം അപ്രസക്തരും (irrelevent) കാലഹരണപ്പെട്ടവരും (Outdated) ആയിതീരും. എന്താണ് കോവിഡ് 19/ലോക്ക്ഡൗൺ കാലത്തെ ശുശ്രൂഷയുടെ പരിസരം?

**പ്രാദേശിക കൂട്ടായ്മകളെ ശക്തിപ്പെടുത്താനും സന്നദ്ധ പ്രവർത്തകർക്ക് ആത്മബലം പകർന്നുകൊടുക്കാനും ശിഷ്യഗണങ്ങൾക്ക് സാധിക്കണം. നമ്മളിൽ പലരും അത് നിർവ്വഹിച്ചു കൊണ്ടിരിക്കുന്നു എന്നത് അഭിനന്ദനാർഹമാണ്**





**1. കോവിഡ് 19 എന്ന രോഗം : (Ministry of Healing)**

2020 ജൂൺ 16 വരെയുള്ള കണക്കനുസരിച്ച് ലോകത്ത് 80 ലക്ഷത്തിലധികം കോവിഡ് ബാധിതരുണ്ട്.

ഔദ്യോഗികകണക്കുകളെക്കാൾ എത്രയോ കൂടുതലാണ് വാസ്തവത്തിലുള്ളത് എന്ന് നാം തിരിച്ചറിയണം. ലോകമറിയാതെ കോവിഡ് ബാധിച്ച് മരിച്ചവർ ഉണ്ടാകാം. അപ്പോൾ കണക്കുകൾക്കപ്പുറത്തുള്ള യാഥാർത്ഥ്യങ്ങളിലേക്ക് നമ്മുടെ കണ്ണുകൾ തുറക്കപ്പെടണം. ജാഗ്രതയോടെ ശുശ്രൂഷ തലങ്ങൾ ഒരുക്കപ്പെടണം. ആരോഗ്യപ്രവർത്തകരുടെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശുശ്രൂഷാമേഖലയിലെ ജനങ്ങളെ ഒരുക്കണം.

കോവിഡ് 19 ബാധിക്കുക എന്നത് ഒരു വ്യക്തി പരമായ പ്രശ്നമല്ല. ഇതൊരു സാമൂഹിക പ്രശ്നമാണ്. എന്റെ ആരോഗ്യം ഞാനിടപെടുന്ന എല്ലാവരുടെയും ആരോഗ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന തിരിച്ചറിവ് ഇന്ന് സമൂഹത്തെ ഏറെ സ്വാധീനിച്ചിരിക്കുന്നു. ഈ സൗഖ്യദായക ശുശ്രൂഷയിൽ ധനികനെന്നോ ദരിദ്രനെന്നോ ശക്തരെന്നോ അശക്തരെന്നോ വ്യത്യാസം കൂടാതെ എല്ലാവരെയും ഉൾചേർക്കേണ്ടത് അനിവാര്യമാണ്.

"Challenges in the midst of Covid 19'' എന്ന ലേഖനത്തിൽ കേരള മുഖ്യമന്ത്രി ബഹു. പിണറായി വിജയൻ പറയുന്നു 'കേരളത്തിലെ ജനസംഖ്യയുടെ 9% ആളുകളും കേരളത്തിനു പുറത്തു താമസിക്കുന്നവരാണ്. (അതായത് 30 ലക്ഷം പേർ). കോവിഡ് പ്രതിസന്ധിയിൽ അതിൽ 5 ലക്ഷം പേർ നമ്മുടെ ശുശ്രൂഷാ പരിസരങ്ങളിലേക്ക് തിരിച്ചെത്തുന്നുവെന്ന് കേൾക്കുമ്പോൾ സഭാശുശ്രൂഷയുടെ വ്യാപ്തി നാം മനസിലാക്കണം. മടങ്ങി വരുന്ന Quarantine ആകുന്ന ഓരോ പ്രവാസിയുടെയും "habitat" ന്റെ സൗഖ്യം നമ്മുടെ ശുശ്രൂഷയുടെ ഇടമാണ് എന്ന് സഭ തിരിച്ചറിയണം.

**2. സാമ്പത്തിക വിശകലനം (Economic Analysis: The Ministry of feeding)**

ഒരു പകർച്ച വ്യാധിയും ഒരു രാത്രികൊണ്ട് അവസാനിക്കുന്നില്ല. പകർച്ച വ്യാധികളുടെ ദൂരെ വ്യാപകമായ പ്രശ്നങ്ങൾ, സാമ്പത്തിക മേഖലകളെ വളരെയധികം തളർത്തിക്കളയുന്നു. പ്രവാസികളുടെ തിരിച്ചുവരവ്, തൊഴിലില്ലായ്മ, അഥിതി തൊഴിലാളികളുടെ മടക്കം, കർഷകരുടെ പ്രതിസന്ധികൾ ഇടവകസന്ധാരണം, മിഷൻ ഫീൽഡുകളുടെ നടത്തിപ്പ് എന്നിങ്ങനെ അനേകം വെല്ലുവിളികൾ നമ്മുടെ കൺമുമ്പിൽ കണ്ടുകഴിഞ്ഞു. 'Hunger Pandemic'' ആണ് ഇനിയും നാം നേരിടേണ്ടുന്ന ഏറ്റവും വലിയ വെല്ലുവിളി എന്ന് United Nations നമ്മെ ഓർമ്മിപ്പിച്ചുകഴിഞ്ഞു. ദശലക്ഷക്കണക്കിന് ആളുകൾ പട്ടിണിയുടേയും അതിനോടനുബന്ധിച്ചുണ്ടായേക്കാവുന്ന സാമൂഹ്യ പ്രശ്നങ്ങളുടേയും വക്കിലെത്തി നിൽക്കുന്നു.

ഇന്ത്യയുടെ ചിത്രം പരിശോധിച്ചാൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്ക് എല്ലാകാലത്തും സാമൂഹിക പ്രശ്നങ്ങളോട് പ്രതികരിക്കുമ്പോൾ ഒരു Economy-Public Health Tension ഉണ്ട് എന്നത് യാഥാർത്ഥ്യമാണ്. എന്നാൽ പ്രളയദുരിതാശ്വാസത്തിനും കോവിഡിനെ നേരിടുന്നതിലും തമ്മിൽ സാരമായ വ്യതിയാനം നമുക്ക് ദൃശ്യമാകും. സമീപത്തുള്ള തെരഞ്ഞെടുപ്പ് എന്ന ലക്ഷ്യം എല്ലാ രാഷ്ട്രീയ കക്ഷികളേയും ബാധിച്ചിട്ടുണ്ട്. Election-Public Health Economy Tension ൽ ചില നന്മകൾ നഷ്ടപ്പെട്ടുപോകാൻ സാധ്യതയുണ്ട്. ഇവിടെ പ്രാദേശിക കൂട്ടായ്മകളെ ശക്തിപ്പെടുത്താനും സന്നദ്ധ പ്രവർത്തകർക്ക് ആത്മബലം പകർന്നുകൊടുക്കാനും ശിഷ്യഗണങ്ങൾക്ക് സാധിക്കണം. നമ്മളിൽ പലരും അത് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു എന്നത് അഭിനന്ദനാർഹമാണ്.

**3. കൗദാശിക വിശകലനം (Sacramental Analysis: Witnessing the Gospel)**

വി. കുർബ്ബാനയിൽ നിന്നും പവിത്ര കൂട്ടായ്മകളിൽ നിന്നും Lockdown കാലം നാം അകലെ പോകേണ്ടി വന്നു. നമ്മുടെ ശക്തിയായിരുന്ന ഒത്തുചേരലിന്റെയും വി. കുർബ്ബാനയുടേയും അഭാവം നമ്മെ വല്ലാതെ ദുർബലമാക്കിയിരിക്കുന്നു. "പള്ളി പ്രസംഗം I Phone നോട് എങ്ങനെ പറയും?" എന്നതാണ് ഒരു വശത്ത് പ്രശ്നമെങ്കിൽ WhatsApp ൽ നിന്ന് തലയെടുക്കാൻ സമയം കിട്ടുന്നില്ല എന്നത് മറുവശത്ത് വെല്ലുവിളി ഉയർത്തുന്നു.

പ്രാദേശിക ഇടവകളെല്ലാം ഓരോരോ Live Stream ൽ ഒതുങ്ങിപോകരുത്. സ്വീകരിക്കുന്ന വ്യക്തിയുടെ തലങ്ങളെ സ്വാധീനിക്കുവാൻ സാമൂഹ്യമാധ്യമങ്ങൾക്ക് പരിധിയുണ്ട് എന്ന് നാം മനസിലാക്കണം. വി. കുർബ്ബാനയുടെ Line Streaming ന് Bath Room ൽ ഇരുന്ന് 'Amen'

പോസ്റ്റു ചെയ്യുന്നവരുമുണ്ടാകാം എന്നർത്ഥം. ഇവിടെയാണ് Pastoral presence to syber presence എന്ന Shift (മാറ്റം) നമ്മുടെ ശുശ്രൂഷകളിൽ വെല്ലുവിളി ഉയർത്തുന്നത്. മാധ്യമങ്ങളിൽ നിന്ന് വ്യക്തിബന്ധങ്ങളിലേക്കും സമൂഹത്തിലേക്കും എത്തിച്ചേരുവാൻ മുഖാമുഖം ആശയസംവേദനം (Face to Face communication) സാധ്യമാകുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഉപയോഗിക്കപ്പെടണം (Zoom, Skype, Facetime etc.). ആധുനിക സഭ കൗദാശീക സമൂഹം എന്ന ആഴമായ ജീവിതചര്യയിൽ നിന്ന് വിശുദ്ധ കുർബ്ബാന എന്ന ഏക കൂദാശയിലേക്ക് ചുരുങ്ങിപോയതും നാം ഗൗരവമായി മനസ്സിലാക്കണം. ഏറ്റവും എളുപ്പമുള്ള Emotional Parish ന്റെ നിർമ്മാണത്തിൽ എല്ലാവരും വിജയിച്ചു. ആൾക്കൂട്ടങ്ങൾക്കും ആഘോഷങ്ങൾക്കും അപ്പുറമുള്ള ശുശ്രൂഷാ ഇടങ്ങൾ അറിയാതെ നമ്മുടെ കണ്ണുകളിൽ നിന്ന് അപ്രത്യക്ഷമായി. Lock Down പുനർചിന്തനത്തിന്റെ കാലമാണ്. Maff Rogers ന്റെ "Mobilised Church" എന്ന ആശയം ഇവിടെ പ്രസക്തമാണ്. പ്രാദേശികതലങ്ങളിൽ രൂപപ്പെടേണ്ടുന്ന ഒരു കൌദാശിക കൂട്ടായ്മ ഇവിടെ അവതരിപ്പിക്കപ്പെടുന്നു.

പട്ടക്കാരനോടൊപ്പം പ്രവർത്തിക്കുന്ന ആത്മായ നേതൃത്വനിര സജീവമാകണം. പട്ടക്കാരന്റെ പ്രചോദനത്തിലൂടെ ഇടവകാംഗങ്ങൾ പരസ്പരം ശുശ്രൂഷിക്കുന്നു. ഇടവകയുടെ ശുശ്രൂഷ പരിസരങ്ങൾ ശക്തമാക്കപ്പെടുന്നു. ഉദാഹരണങ്ങളിൽ ചിലത് താഴെ ചേർക്കുന്നു.

a) സന്നദ്ധ പ്രവർത്തകരെ സജ്ജമാക്കുക.

b) ഭവനങ്ങളിൽ ഒറ്റപ്പെട്ടുപോയ നമ്മുടെ വൃദ്ധരായ മാതാപിതാക്കളെ സഹായിക്കാൻ യുവജനങ്ങളുടെ ഒരു ടീമിനെ തയ്യാറാക്കുക.

c) ഒരേ കുടുംബത്തിൽ പല സ്ഥലങ്ങളിൽ താമസിക്കുന്ന വ്യക്തികളുടെ പുതിയ പ്രാർത്ഥന യോഗങ്ങൾ ക്രമീകരിക്കുക. അതിന് Cordinate ചെയ്യുന്ന കുടുംബ നേതൃത്വങ്ങളെ രൂപപ്പെടുത്തുക.

d) ഭവനദേവാലയങ്ങളെ ശക്തിപ്പെടുത്തുക (Strengthen House Churches)

e) യോഗയും, ധ്യാനവും, വ്യായാമവും കൃത്യമായി നടക്കാൻ ക്രമീകരണങ്ങൾ ചെയ്യുക.

f) അറിവിന്റെ വർദ്ധനയ്ക്കായി Online Classes പരിചയപ്പെടുത്തുക.

g) Quarentine കഴിയുന്നവരേയും അവരുടെ ഭവനങ്ങളേയും സഹായിക്കുവാൻ Online Wing ക്രമീകരിക്കുക.

**4. മനശാസ്ത്രസമീപനം (Psychological Analysis Ministry of Fellowship)**

ആന്തരിക സംഘർഷങ്ങളിലൂടെ കടന്നു പോകുന്ന ലോകത്തെ ഏറ്റവുമധികം സഹായിക്കുവാൻ കഴിയുന്നത് സഭയ്ക്കാണ്. Stress, anxiety, fear Suicided tentency ഇവയെല്ലാം കോവിഡിനോടൊപ്പം നമ്മുടെ പരിസരങ്ങളിലുണ്ട്. Lockdown ൽകൂടി അകലം പാലിക്കുക എന്ന ഒറ്റ കാരണത്തിലൂടെ മനുഷ്യമനസിന്റെ ഊർജ്ജസ്വലതയ്ക്ക് അനിവാര്യമായ Oxitocin പോലെയുള്ള ഹോർമോണുകളുടെ അഭാവമുണ്ടാകുന്നു എന്ന് Dr. Arthur C Brooks പറയുന്നു. മനുഷ്യജീവിതത്തെ ഇത്രയധികം സമ്മർദ്ദത്തിലാക്കിയ മറ്റൊരു വ്യാധിയുണ്ടായിട്ടുണ്ടോ?

**കോവിഡ് കാലത്തെ സമ്മർദ്ദങ്ങൾക്ക് ഇരയായേക്കാവുന്ന ചില സാഹചര്യങ്ങൾ താഴെ ചേർക്കുന്നു.**

1) ഏകാന്തതയിലായിരിക്കുന്ന മാതാപിതാക്കൾ

2) ജീവിതപങ്കാളിക്കു കോവിഡ് ബാധിച്ചവർ

3) കോവിഡ് ബാധിത മേഖലകളിൽ പ്രവർത്തിക്കുന്നവർ/അവരുടെ കുടുംബാംഗങ്ങൾ

4) Online Class ലഭിച്ചവർ/ലഭിക്കാത്തവർ

5) Internet സൗകര്യങ്ങൾ വിദ്യാർത്ഥികൾക്ക് കൊടുത്തിട്ട് ജോലിക്കുപോകേണ്ടിവരുന്ന മാതാപിതാക്കൾ

6) "Net access" ലഭിച്ചപ്പോൾ ലോകത്തെ അപ്പാടെ വിഴുങ്ങിയ വിദ്യാർത്ഥികളുടെ Psycho Social Issues

8) Quarentine ൽ ആയിരിക്കുന്ന വ്യക്തിയുടെ/ഭവനത്തിന്റെ അവസ്ഥ. അങ്ങനെ അനേകം സാഹചര്യങ്ങളിൽ ഇന്ന് നമ്മുടെ ശുശ്രൂഷയുടെ സാന്നിദ്ധ്യം അനിവാര്യമാക്കുന്നു. ഇവിടെ നമ്മുടെ ശുശ്രൂഷകൾ Lock down ചെയ്യാനാവുമോ? ''ഭയപ്പെടാനില്ല ദൈവം നമ്മുടെ സങ്കൽപങ്ങൾക്ക് അപ്പുറം പ്രവർത്തിക്കുന്നു.'' എന്ന സത്യം ഘോഷിക്കപ്പെടേണ്ടതില്ലേ. Church should be the tower of hope നിരാശ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ലോകത്തെ പ്രതീക്ഷയുടെ പ്രകാശഗോപുരങ്ങളായി രൂപാന്തരപ്പെടുവാൻ ക്രിസ്തുശിഷ്യരായ നമ്മെ ദൈവം സഹായിക്കട്ടെ.



# കോവിഡ് 19
## ആരോഗ്യപരമായ സമീപനം: വേണ്ടത് ഭയമല്ല; ജാഗ്രത




**ഡോ. സെലിൻ ഏബ്രഹാം**
പത്തനാപുരം എം.റ്റി.സി.


2019 ഡിസംബറിൽ, ചൈനയിലെ വുഹാൻ പ്രവിശ്യയിൽ ആദ്യമായി റിപ്പോർട്ട് ചെയ്യപ്പെട്ട പുതിയതരം കൊറോണ വൈറസിനാൽ (SARS COV2) ഉണ്ടാകുന്ന ശ്വാസകോശ സംബന്ധമായ അസുഖമാണ് കോവിഡ് 19 (Corona Virus Disease of 2019). 2020ൽ SARS (Severe Acute Respiratory Syndrome) എന്ന രോഗത്തിനും, 2012 ൽ MERS (Middle East Respiratory Syndrome) നും കാരണമായ അതേ കുടുംബത്തിൽ നിന്ന് തന്നെയാണ് ഇതിന്റെയും വരവ്.

SARS COV2 നെ SARSCOV2 വൈറസ് ബാധയേറ്റത്തിനു ശേഷം 1–14 ദിവസങ്ങൾ (ശരാശരി 5 ദിവസം) ക്കുള്ളിൽ മിക്ക ആൾകാരിലും രോഗലക്ഷണങ്ങൾ പ്രകടമാകും. ഈ 1–14 ദിവസങ്ങൾ, അഥവാ Incubation Period രോഗവ്യാപനത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നു.

**തിരിച്ചറിയുക രോഗത്തെയും രോഗലക്ഷണങ്ങളെയും**

മറ്റേത് ഫ്ളൂ പനികളെ പോലെയും COVID19 ന്റെ ലക്ഷണങ്ങൾ പനി, ചുമ, ക്ഷീണം, ശ്വാസതടസ്സം തുടങ്ങിയവയാണ്.

**രോഗം വരുന്ന വഴി**

വൈറസ് ബാധിതനായ വ്യക്തി തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും പുറത്തേക്കു വരുന്ന സ്രവങ്ങളിലുള്ള കണികകളിലൂടെ കോവിഡ് 19 പകരുന്നു. ഈ കണിക ശ്വസിക്കുന്നതിലൂടെ മാത്രമല്ല രോഗം പകരുന്നത്, സ്രവകണികകൾ രോഗിയുടെ പരിസര പ്രതലങ്ങളിൽ പതിക്കയും, രോഗിയേയൊ ആ പ്രതലങ്ങളെയോ സ്പർശിച്ചതിനു ശേഷം സ്വന്തം കണ്ണ്, മൂക്ക്, വായ്, സ്പർശിക്കുമ്പോൾ വൈറസ് ആളുകളിലേക് പകരുന്നു .

**പ്രതിരോധിക്കാം കോവിഡ് 19 നെ**

- കൈ കഴുകൽ ഇടയ്ക്കിടെ
- കൈകൾ കൊണ്ട് നിരന്തരം മൂക്ക്, വായ്, കണ്ണ്, ചെവി, വായ് സ്പർശിക്കുന്നത് ഒഴിവാക്കുക.
- ചുമയ്ക്കുകയോ തുമ്മുകയോ ചെയ്യുമ്പോൾ ടിഷ്യു കൊണ്ടോ ടിഷ്യു ഇല്ലെങ്കിൽ കൈമുട്ട് കൊണ്ടോ (Elbow) മൂക്കും വായും പൊത്തുക.
- ചുമയോ തുമ്മലോ ഉള്ള വ്യക്തിയുമായി കുറഞ്ഞത് ഒരു മീറ്റർ ദൂരം പാലിക്കുക
- മാസ്കിന്റെ ഉപയോഗം
- സാമൂഹ്യ വ്യാപനം തടയുക.

കോവിഡ് 19 ന്റെ മൂന്നാം ഘട്ടത്തിലേക്ക് നമ്മുടെ രാജ്യം പ്രവേശിക്കുന്നു. ഈ സമയത്ത് സാമൂഹ്യവ്യാപനം തടയുകയാണ് ഏറ്റവും അഭികാമ്യമായിട്ടുള്ളത്. പ്രതിരോധമാർഗ്ഗങ്ങളിൽ ഒരു വിള്ളലും പാടില്ലാത്ത ഘട്ടമാണിത്. അതിന്റെ പ്രാധാന്യം ഉൾക്കൊണ്ട് വ്യക്തികളും സമൂഹങ്ങളും ഒരുമയോടെ നീങ്ങേണ്ടിയിരിക്കുന്നു.

സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ ആറ് പുതിയ ലക്ഷണങ്ങൾ രോഗലക്ഷണങ്ങളുടെ പട്ടികയിൽ ചേർത്തിട്ടുണ്ട്.

**മണം അല്ലെങ്കിൽ രുചി നഷ്ടപ്പെടുന്നത്**

കൊവിഡ്-19 മായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ലക്ഷണങ്ങളിലൊന്നാണ് ഗന്ധം അല്ലെങ്കിൽ നാവിന്റെ രുചി നഷ്ടപ്പെടുന്നത്. ഒരു വ്യക്തിക്ക് ഗന്ധം തിരിച്ചറിയാൻ കഴിയാതെ വരുമ്പോഴാണ് മണം അല്ലെങ്കിൽ രുചി നഷ്ടപ്പെടുന്നത്.

**തീവ്രമായ തണുപ്പ് അനുഭവപ്പെടുന്നത്**

പനി ഉണ്ടാകുമ്പോൾ മിക്കവരിലും ഒരു കുളിര് അനുഭവപ്പെടാറുണ്ട്. പനിയുടെ ഭാഗമായ ഇതിനെ പൊതുവെ നാം അവഗണിക്കുകയാണ് പതിവ്. പനി, ജലദോഷം ഒക്കെ മാറി വരുമ്പോൾ സ്വാഭാവികമായും ഈ കുളിരും മാറുമല്ലോ! എന്നാൽ കൊറോണ വൈറസിന്റെ പുതിയ ലക്ഷണങ്ങളിൽ ഒന്നാണത്രെ ഈ കുളിര് അനുഭവപ്പെടുന്നത്.

**അസഹനീയമായ പേശി വേദന**

കൊറോണ വൈറസിന്റെ സ്ഥിരമായ ലക്ഷണമായി പല രോഗികളിലും, പ്രത്യേകിച്ച് പ്രായമായവർ പേശി വേദന (പേശികൾക്കും സന്ധികൾക്കും ചുറ്റുമുള്ള വേദന) റിപ്പോർട്ട് ചെയ്യുന്നു. യുഎസിലുടനീളമുള്ള 14.8% രോഗികളെയും പേശി വേദന ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത് രോഗം പടരുന്നതിന്റെ പുതിയ ലക്ഷണമാണ്.

**തലവേദന**

തലവേദന പലരിലും വളരെ സാധാരണമായ രോഗാവസ്ഥയാണ്. ജലദോഷം അനുഭവിക്കുമ്പോൾ തലവേദന ഉണ്ടാകുന്നത് വളരെ സാധാരണമാണ്. കൊറോണ വൈറസ് മൂലമുണ്ടായ ശ്വാസകോശ സംബന്ധമായ അണുബാധയും ഉണ്ടാകുമ്പോൾ ഇത് സംഭവിക്കാം. പുതിയ കണ്ടെത്തലുകൾ അനുസരിച്ച്, നെറ്റിക്കിരുവശവും കൺപോളകൾക്ക് ചുറ്റുമുള്ള വേദനയോ സമ്മർദ്ദമോ അനുഭവപ്പെടുന്നതിനൊപ്പം നമ്മളെ ദുർബലപ്പെടുത്തുന്ന തരത്തിലുള്ള തലവേദന ഉണ്ടാവുന്നത് കൊറോണ വൈറസ് അണുബാധയുടെ ലക്ഷണങ്ങളിലൊന്നായി കണ്ടെത്തിയിട്ടുണ്ട്. തുടർച്ചയായി ഇങ്ങനെ അസഹനീയമാം വിധം തലവേദന അനുഭവപ്പെടുന്നുണ്ടെങ്കിൽ ഉടൻ തന്നെ വൈദ്യ സഹായം തേടുക.

**ചെങ്കണ്ണ് ഉണ്ടാവുന്നു**

കൊറോണ വൈറസിന്റെ പ്രധാന ലക്ഷണം കണ്ണുകളെയും ബാധിക്കുന്നു. കൊറോണ വൈറസ് ചെങ്കണ്ണിന്റെ (Pink Eye) പ്രശ്നത്തിന് കാരണമാകുമെന്ന ആശങ്ക അടുത്തിടെ വർദ്ധിച്ചു വരികയായിരുന്നു. അതായത് ശ്വസന തുള്ളികളിലൂടെ മാത്രമല്ല, മൂക്കൊലിപ്പ്, കണ്ണിലെ ദ്രാവകങ്ങൾ എന്നിവയിലൂടെയും വൈറസ് പടരാൻ സാധ്യതയുണ്ട്.

**തൊണ്ടവേദന**

പനി, ജലദോഷം, ചുമ, ശ്വസിക്കാൻ ഉള്ള ബുദ്ധിമുട്ട് തുടങ്ങിയവ കൊറോണ വൈറസ് ബാധയുടെ ലക്ഷണങ്ങളായി ലോകാരോഗ്യ സംഘടന അറിയിച്ചിരുന്നതാണ്. കൊറോണ വൈറസ് കഠിനമായ ചുമയിലേക്ക് നയിക്കുന്നു എന്ന് മാത്രമല്ല, വരണ്ട ചുമയുടെ സാന്നിധ്യമാണ് അതിന്റെ അസാധാരണമായ ലക്ഷണങ്ങളിലൊന്ന്.

രോഗലക്ഷണങ്ങൾ ഉള്ളവർ സ്വയചികിത്സ നടത്താതെ ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള നടപടികൾ പാലിക്കുക, ആരോഗ്യവകുപ്പ് ആധികൃർത്യരും നിർദ്ദേശങ്ങൾ കർശനമായി പാലിക്കുക. രോഗപ്രതിരോധശേഷി കൂട്ടുന്ന ഭക്ഷണങ്ങൾ (Fruits, Vegetables) ശരിയായ ഉറക്കം വിശ്രമം വ്യായാമം തുടങ്ങിയവയും രോഗപ്രതിരോധത്തിൽ പങ്കുവഹിക്കുന്നു.

കൊറോണ വൈറസ് അപകടകരമായ തോതിൽ പടരുന്നു, ആളുകളുടെ ലക്ഷണങ്ങൾ അവരുടെ പ്രായം, ആരോഗ്യം, മുമ്പുണ്ടായിരുന്ന ആരോഗ്യ പ്രശ്നങ്ങൾ, തീവ്രത എന്നിവയെ ആശ്രയിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു. രോഗലക്ഷണങ്ങൾക്കായി ശ്രദ്ധിക്കേണ്ടതും, സഹായത്തിനായി ആരോഗ്യപ്രവർത്തകരുമായി ബന്ധപ്പെടേണ്ടതും, അണുബാധയുടെ വ്യാപനത്തിന് കാരണമാകുന്ന തരത്തിലുള്ള ആളുകളുമായുള്ള സമ്പർക്കം ഒഴിവാക്കേണ്ടതും പ്രധാനമാണ്.

കോവിഡ് 19 എന്നത് കേവലം ആരോഗ്യപ്രശ്നം മാത്രമല്ല സാമൂഹികസാമ്പത്തിക മേഖലകളിലും ദൂരവ്യാപകമായ പ്രതിഫലനങ്ങൾ സൃഷ്ടിച്ച ഒരു അവസ്ഥ വിശേഷമാണ്. എന്നാൽ നാം ഒരുമിച്ച് നിന്നാൽ പ്രതിരോധ നടപടികൾ പൂർണമായി സ്വാംശീകരിച്ചാൽ ഓക്കിയും പ്രളയവും നിപ്പയുമൊക്കെ അതിജീവിച്ച നമുക്ക് ഈ വിപത്തിനെ തടയാൻ കഴിയും. അതിനുവേണ്ടി നമുക്ക് മനസ്സൊരുക്കാം.

***Lets Break the Chain***

കോവിഡ്-19 എന്ന രോഗം ലോകത്തെയാകെ പിടിച്ചു കുലുക്കിയിരിക്കുകയാണ്. ഈ മഹാമാരിയുടെ പശ്ചാത്തലത്തിൽ മനുഷ്യശരീരത്തെ സംബന്ധിച്ച് വേദപുസ്തകത്തിന്റെ വെളിച്ചത്തിൽ ചില ദർശനങ്ങൾ രൂപപ്പെടുത്തുകയും, ശരീരത്തെക്കുറിച്ച് ആഴത്തിലുള്ള ചില അവബോധങ്ങൾ സൃഷ്ടിച്ചെടുക്കുകയും, ചില ശീലങ്ങളിലേക്ക് ഉണരുകയും ചെയ്യേണ്ടത് ആവശ്യമാണ്.

**ദുരന്തങ്ങളുടേയും മഹാമാരിയുടേയും സന്ദർഭങ്ങളിൽ ഇരകളായിത്തീരുന്നവരുടെ ശാക്തീകരണത്തിനും ഗുണീകരണത്തിനുമായുള്ള ഇടപെടലുകളാണ് ക്രൈസ്തവ സഭകളും വിശ്വാസികളും നിർവഹിക്കേണ്ടത്**

**ദർശനം**

വേദപുസ്തകത്തിലധിഷ്ഠിതമായ ഒരു ശരീരദർശനം ഏവർക്കും ഉണ്ടാകേണ്ടതാണ്. ശരീരാത്മ ദേഹികളുടെ സംയോജനമായാണ് നാം ജീവിതത്തെ മനസ്സിലാക്കുന്നത് ഇവയെല്ലാം ആളത്വത്തെ ആഴത്തിൽ രൂപപ്പെടുത്തുന്നുമുണ്ട്. വേദപുസ്തകം ശരീരത്തെക്കുറിച്ച് നൽകുന്ന ചില ആശയങ്ങൾ ചർച്ചയ്ക്കു വിധേയമാക്കുന്നു.

**1. ദൈവസാദൃശ്യത്തിലുള്ള സൃഷ്ടി** (Imago Dei): മനുഷ്യർ ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന് ഉല്പത്തി 1, 2 അദ്ധ്യായങ്ങളിലെ സൃഷ്ടികഥകൾ വിവരിക്കുന്നു. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുമ്പോൾ തന്നെ മനുഷ്യർ മണ്ണിൽ നിന്നും എടുക്കപ്പെട്ടവരുമാണ്. ദൈവ സാദൃശ്യത്തോടൊപ്പം നശ്വരതയും മനുഷ്യരിൽ കലർന്നിരിക്കുന്നു. ഏദൻതോട്ടത്തെ കാപ്പാനും അവിടെ വേല ചെയ്യുവാനുമായിരുന്നു മനുഷ്യർക്ക് ലഭിച്ച നിയോഗം. കാക്കുക (keep) എന്ന കല്പനയിൽ സകല ചരാചരങ്ങളോടുമൊപ്പം സ്വന്തം ശരീരത്തെയും കാത്തുസൂക്ഷിക്കുവാനുള്ള ആഹ്വാനവും അടങ്ങിയിരിക്കുന്നു.



റവ. റെജിൻ രാജു



# കോവിഡ്-19
## കാലത്തെ ചില ശരീരവിചാരങ്ങൾ

**2. അതിശയകരമായ സൃഷ്ടി:** എല്ലാ സൃഷ്ടികളിലും ദൈവത്തിന്റെ കയ്യൊപ്പ് പതിഞ്ഞിരിക്കുന്നു എങ്കിലും മനുഷ്യസൃഷ്ടി ഭയങ്കരവും അതിശയകരവുമാണ് എന്ന് 139-ാം സങ്കീർത്തനം 14-ാം വാക്യം വ്യക്തമാക്കുന്നു. സകലസൃഷ്ടികളോടും സഹവർത്തിത്വത്തിൽ നിന്നുകൊണ്ട് ദൈവത്തിന്റെ കൂട്ടു വേലക്കാരാകാനുള്ള നിയോഗമാണ് മനുഷ്യർക്ക് ലഭിച്ചിരിക്കുന്നത്.

**3. ദൈവമഹത്വത്തിനു വേണ്ടിയുള്ള സൃഷ്ടി:** "എന്റെ മഹത്വത്തിനായി സൃഷ്ടിച്ച് നിർമ്മിച്ച് ഉണ്ടായിരിക്കുന്ന ഏവരേയും കൊണ്ടുവരിക എന്ന ദൈവത്തിന്റെ ആഹ്വാനം യെശയ്യാവ് 43:7 ൽ കാണുന്നു. ആകാശവും സകലസൃഷ്ടിയും ദൈവമഹത്വത്തെ വർണ്ണിക്കുന്നു (സങ്കീ. 19:1) എന്നാൽ ദൈവത്തേക്കാൾ അല്പം മാത്രം താഴ്ത്തി തേജസ്സും ബഹുമാനവും മനുഷ്യരെ അണിയിച്ചിരിക്കുന്നു (സങ്കീ. 8:5)

**4. മന്ദിരവും യാഗവും :** ശരീരം ദൈവത്തിന്റെ മന്ദിരമാണ് (റോമർ 8:9) പരിശുദ്ധാത്മാവിന്റെ മന്ദിരവുമാണ് (1കൊരി 6:19). റോമർ 12:1 ൽ ശരീരത്തെ ജീവനും വിശുദ്ധിയുമുള്ള യാഗമായി സമർപ്പിക്കാനുള്ള ആഹ്വാനവും കാണുന്നു. യേശുക്രിസ്തുവിന്റെ ശരീരം മന്ദിരം എന്ന് വിവക്ഷിക്കപ്പെടുകയും ശരീരത്തിന്റെ യാഗത്താൽ താൻ മറ്റുള്ളവർക്കായി നൽകപ്പെടുകയും ചെയ്തത് സ്മരണീയം.

**5. ക്രിസ്തുവിന്റെ അവയവങ്ങൾ :** 1 കൊരിന്ത്യർ 6:15, ക്രിസ്തുവിന്റെ അവയവങ്ങളായി ശരീരത്തെ അവതരിപ്പിച്ചിരിക്കുന്നു. ശരീരത്തിന്റെ അന്തസ്സ് കാത്തു സൂക്ഷിക്കുവാനുള്ള പൗലോസിന്റെ ആഹ്വാനമാണിത്.

**6. ശരീരത്തിന്റെ വീഴ്ചയും വീണ്ടെടുപ്പും :** പാപം മൂലം ശരീരത്തിന് സംഭവിച്ച വീഴ്ചയെക്കുറിച്ച് റോമർ 3:23, 5:12 വാക്യങ്ങളിൽ വിവരിക്കുന്നു. എന്നാൽ താഴ്ചയുള്ള മനുഷ്യശരീരങ്ങൾക്ക് സകലവും കീഴ്പ്പെടുത്തുവാൻ കഴിവുള്ള ക്രിസ്തുവിന്റെ വ്യാപാരശക്തികൊണ്ട് രൂപാന്തരം സംഭവിക്കും എന്ന് പൗലോസ് ശ്ലീഹാ അഭിപ്രായപ്പെടുന്നു (ഫിലിസ്യർ 3:21)

**7. ശരീരത്തിന്റെ കൗദാശികത:** മാമോദീസായിലൂടെ ക്രിസ്തു ശരീരത്തോട് യോജിക്കപ്പെടുകയും മൂറോൻ അഭിഷേകത്താൽ പരിശുദ്ധാത്മ വ്യാപാരത്തിന്റെ ഉറപ്പിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നതിലൂടെ ശരീരങ്ങൾ കൗദാശിക ശരീരങ്ങളാകുന്നു. ക്രിസ്തുവുമായുള്ള സജീവവും നിത്യവും തുടരുന്നതുമായ ബന്ധത്തിന്റെ ശാക്തീകരണത്തോടെയാണ് ശരീരങ്ങൾ സംസ്കരിക്കപ്പെടുന്നതും.

**അവബോധം**

ശരീരത്തെക്കുറിച്ച് മനുഷ്യർക്ക് ശരിയായ അവബോധം ഉണ്ടാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ശരീരത്തിന്റെ പ്രാധാന്യത്തെ ഉൾകൊള്ളുകയും അതുവഴി ജീവിതത്തിന്റെ അർത്ഥ തലങ്ങളെ തിരിച്ചറിയുകയും ചെയ്യുന്നതിന് ശരിയായ ശരീരവബോധം അനിവാര്യംതന്നെ.

**1. ചിന്തയിൽ പുലർത്തേണ്ട തെളിമ :** ഒരു വ്യക്തി ലോകത്തെ അറിയുന്നതും ലോകം ആ വ്യക്തിയെ മനസിലാക്കുന്നതും ശരീരം എന്ന മാധ്യമത്തിലൂടെയാണ്. ഒരാളുടെ സ്വത്വം ശരീരവുമായി അഭേദ്യ ബന്ധത്തിലാണ് നിലനിൽക്കുന്നത്. ചിന്തയിലെ കൂർമ്മതയ്ക്കു തടസ്സമുണ്ടാകുമ്പോൾ ലോകത്തെ ശരിയായി അറിയുവാനും ലോകത്തിന് ഒരു വ്യക്തിയിൽ നിന്ന് ലഭിക്കേണ്ട സംഭാവനകൾ ലഭിക്കാതിരിക്കുവാനും സാദ്ധ്യതയുണ്ട്. ലഹരിയുപയോഗങ്ങളെ എതിർക്കേണ്ടത് ഈ കാരണങ്ങൾ കൊണ്ടു തന്നെയാണ്.

**2. ശരീരത്തിന്റെ കരുത്തിനെക്കുറിച്ചും ശരീരത്തിന്മേലുള്ള അധികാരത്തെപ്പറ്റിയുമുള്ള അവബോധം**

(Power of the body, Power over the body) :

ഓരോ മനുഷ്യശരീരവും അനന്തമായ സാദ്ധ്യതകളുടെ ഉറവിടങ്ങളാണ്. സ്വന്തം സാദ്ധ്യതകളെക്കുറിച്ചുള്ള അവബോധം സർഗ്ഗാത്മകമായ ഇടപെടലുകളിലേക്ക് വ്യക്തികളെ നയിക്കുന്നു. ഉള്ളിലെ വൈകാരിക ഭാവങ്ങൾ പോലും സൃഷ്ടിപരമായ ഊർജ്ജമായി പരിവർത്തനം ചെയ്യപ്പെടാവുന്നതാണ്. ദൈവീക വരദാനമായ ലൈംഗീകത ഉൾപ്പെടെയുള്ളവയെ ഈ അവബോധത്തോടെ വേണം സമീപിക്കേണ്ടത്. ഒരാളുടെ ശരീരത്തിന്മേൽ മറ്റൊരാൾക്ക് അധികാരമുണ്ടോ എന്ന ചോദ്യം പ്രസക്തമാണ്, വിശേഷിച്ചും ശരീരങ്ങൾ ചൂഷണവിധേയമാകുന്ന പശ്ചാത്തലങ്ങളിൽ.

**3. ശരീരത്തിന്റെ ദൂർബലതയെക്കുറിച്ചുള്ള അവബോധം** (Fragility of Human body)

പ്രായഭേദമെന്യേയാണ് ബാക്ടീരിയകൾക്കും വൈറസുകൾക്കും മറ്റു രോഗങ്ങൾക്കും മനുഷ്യർ ഇരയായിത്തീരുന്നത്. ആരോഗ്യദൃഢഗാത്രങ്ങൾ എന്ന് കണക്കാക്കപ്പെടുന്ന ശരീരങ്ങൾ ഉൾപ്പെടെ രോഗാതുരമാകുന്നു. മൺപാത്രങ്ങളിലെ നിക്ഷേപം എന്ന പൗലോസിന്റെ ചിന്ത ഇവിടെ പ്രസക്തമാകുകയാണ്.

**4. മരണത്തെക്കുറിച്ചുള്ള അവബോധം:** മരണം എന്ന യാഥാർത്ഥ്യത്തിന്റെ നിശ്ചയാവസ്ഥ, സമയഭേദമില്ലായ്മ മരണത്തിനപ്പുറമായ പ്രത്യാശ എന്നിവയെക്കുറിച്ചുള്ള ആഴമായ പരിചിന്തനങ്ങൾ ഏവർക്കും അനിവാര്യംതന്നെയാണ്.

**ശീലങ്ങൾ**

കൊറോണകാലം നമ്മെ ശരീരവുമായി ബന്ധപ്പെടുത്തി ചില പുതിയ ശീലങ്ങൾക്കു പ്രേരിപ്പിക്കുന്നു. 3 മേഖലകളെ മാത്രം പരാമർശിക്കുകയാണ്.

**ആരോഗ്യശീലം**

ഈ കൊറോണകാലം മുതൽ ചില പുതിയ ശീലങ്ങൾ ശരീരസംരക്ഷണവുമായി ബന്ധപ്പെടുത്തി നാം പുലർത്തേണ്ടതാണ്. കൈ കഴുകൽ, മാസ്ക് ധാരണം, ശാരീരിക അകലം എന്നിവ പ്രധാനമാണ്. 1847 ൽ വിയന്നയിലെ ജനറൽ ആശുപത്രിയിലെ ഡോക്ടർ ഇഗ്നാസ് സമ്മൽവീസ് ആ ആശുപത്രിയിലെ പ്രസവവാർഡിൽ വർധിക്കുന്ന മരണ നിരക്ക്, ഡോക്ടർമാരുടെ ക്ലോറിൻ ലായനി ഉപയോഗിച്ചുള്ള കൈകഴുകലിലൂടെ കുറയ്ക്കാമെന്ന് കണ്ടെത്തി. ഈ സംഭവത്തോടെയാണ് വൈദ്യശാസ്ത്രം കൈകഴുകലിനെ ഗൗരവത്തോടെ എടുത്തത്. കുറഞ്ഞത് 20 സെക്കന്റെങ്കിലും കൈകൾ കഴുകേണ്ടതാണ്. ശരിയായ കൈകഴുകൽ വയറിളക്കം ശ്വസനരോഗങ്ങൾ, ജലദോഷം എന്നിവയ്ക്കും പ്രതിവിധിയാണ്. ഗവൺമെന്റും ആരോഗ്യമന്ത്രാലയങ്ങളും നല്കിയിട്ടുള്ള എല്ലാ നിബന്ധനകളും സുരക്ഷാ മാർഗ്ഗങ്ങളും അനുസരിക്കുവാൻ നാം സന്നദ്ധരാകണം.

**ആഹാരശീലം:** കോവിഡ് മഹാമാരി, ചിലയിടങ്ങളിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നതായി മനസ്സിലാക്കുന്ന വെട്ടുക്കിളിയുടെ ശല്യം, പ്രതീക്ഷിക്കുന്ന മഴയുടെ കാഠിന്യം തുടങ്ങിയവ നമ്മൾ ആവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കുന്ന പ്രകൃതിദത്തവും ജൈവവുമായ ഭക്ഷണ സംസ്കാരത്തിലേക്ക് നമ്മെ തിരികെ വിളിക്കുന്നു. ഭദ്രാസനവികസന സംഘത്തിന്റെ നേതൃത്വത്തിൽ ഈ കാര്യത്തിന് നൽകുന്ന ശ്രദ്ധ ശ്ലാഘനീയമാണ്.

**ആരാധനാശീലം:** നമ്മുടെ ആരാധന സമൂഹ ആരാധനയാണ്. നാം പൊതുവായ ഇടവും പൊതുവായ വസ്തുക്കളും ആരാധനയ്ക്കു ഉപയുക്തമാക്കുന്നു. അന്യോന്യമുള്ള അഭിവാദനം, ഒരുമിച്ചുള്ള പാട്ടുകൾ, പ്രാർത്ഥനകൾ എല്ലാം നമ്മുടെ ആരാധാനയുടെ പ്രത്യേകതയാണ്. എന്നാൽ ഈ മഹാമാരിയുടെ പശ്ചാത്തലത്തിൽ, ശാരീരിക അകലം, അനുഷ്ഠാനപരമായ സ്പർശനങ്ങൾ, കൂദാശ വസ്തുക്കളുടെ സ്വീകരണം തുടങ്ങിയ കാര്യങ്ങളിൽ സഭാപാരമ്പര്യങ്ങൾ, ദൈവശാസ്ത്രം, ആരാധകരുടെ വൈകാരിക ഭാവങ്ങൾ എന്നിങ്ങനെ എല്ലാ കാര്യങ്ങളെയും ഗൗരവമായി എടുത്തുകൊണ്ട് പുതിയ രീതികൾ അവലംബിക്കേണ്ടിയിരിക്കുന്നു.

കൃത്യമായ ഇടവേളകളിലുള്ള ആരോഗ്യ പരിശോധനകൾ, കുടുംബഡോക്ടറുടെ സേവനം തുടങ്ങിയ കാര്യങ്ങളെയും നാം ഗൗരവമായി പരിഗണിക്കണം. ജീവിതം ദൈവത്തിന്റെ ദാനം. ഈ ജീവിതത്തിന് ദൈവം നമുക്ക് ഒരുക്കിത്തരുന്നതാണ് ഈ ശരീരം. മണ്ണ് ഈ ശരീരത്തെ സ്വീകരിക്കുകയും ദൈവം നമ്മെ എന്നന്നേക്കുമായി കൈക്കൊള്ളുകയും ചെയ്യുന്ന നിമിഷം വരെ ഈ ശരീരത്തെ അർഹിക്കുന്ന ആദരവോടെ കരുതേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. അതാകട്ടെ വളരെയധികം ശ്രദ്ധയോടും ജാഗ്രതയോടും നിർവ്വഹിക്കേണ്ടതാണ് എന്ന് ഈ കോവിഡ്കാലം നമ്മെ അനുസ്മരിപ്പിക്കുന്നു.

അടൂർ ഭദ്രാസനത്തിലേക്ക് ആഗതരായ

## വൈദീക ശ്രേഷ്ഠർക്ക് സ്വാഗതം



1) **റവ. റജി ജോൺ** – കുറത്തികാട് ജറുശലേം
2) **റവ. സാം മാത്യു** – താമരക്കുളം സെന്റ് തോമസ്
3) **റവ. തോമസ് കോശി. പി.** – പത്തനാപുരം ഇമ്മാനുവൽ
4) **റവ. പി. മാത്യു** – കടമ്പനാട് ശാലാം, തുവയൂർ എബനേസർ
5) **റവ. സുനിൽ ചാക്കോ** – തേവലക്കര ഇമ്മാനുവൽ



# ഭവനം
## അത്തിമരത്തണലിൽ

> "നഥനയേൽ അവനോടു: എന്നെ എവിടെ വെച്ച് അറിയും എന്നു ചോദിച്ചതിനു: ഫിലിപ്പോസ് നിന്നെ വിളിക്കും മുമ്പേ, നീ അത്തിയുടെ കീഴിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു എന്ന് യേശു ഉത്തരം പറഞ്ഞു."
>
> (യോഹന്നാൻ 1 – 48)

യേശുവും നഥനയേലും തമ്മിലുള്ള സംഭാഷണമാണ് ഇവിടെ വിവരിച്ചിരിക്കുന്നത്. യേശുവിനെ അതുവരെ മുഖാമുഖം കണ്ടിട്ടില്ലാത്ത നഥനയേലിനോട്, യേശു പറയുന്നു നീ "കപടമില്ലാത്തവൻ". അങ്ങ് എന്നെ എങ്ങനെ അറിയുന്നു എന്ന നഥനയേലിന്റെ ചോദ്യത്തിന് ഉത്തരമായി ക്രിസ്തു പറയുന്നു, നീ അത്തിയുടെ ചുവട്ടിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു എന്ന്. നഥനയേൽ പ്രതീക്ഷിക്കാത്ത ഒരു ഉത്തരമാണ് ലഭിച്ചത്. യഹൂദന്മാർ തങ്ങളുടെ ഭവനത്തിന്റെ മുമ്പിൽ ഒരു അത്തിമരം നട്ടുവളർത്തുക പതിവാണ്. അതിന്റെ തണലിലിരുന്നാണ് "തോറ" അഥവാ ദൈവവചനം പഠിക്കുന്നത്. അതുകൊണ്ട് അത്തിമരത്തണലിൽ ഇരിക്കുന്ന അവസരങ്ങൾ "ദൈവകൃപയുടെ തണലിൽ" ഇരിക്കുന്ന അവസരങ്ങളാണ്. ഇങ്ങനെയുള്ള ഭവനാന്തരീക്ഷത്തിലാണ് യേശു നഥനയേലിനെ കണ്ടത്.

ഏതു തണൽമരവും, സ്വയം സൂര്യതാപകിരണങ്ങളെ തടഞ്ഞുനിർത്തി, താഴെ തന്റെ നിഴലിലുള്ളവർക്കു ആശ്വാസം നൽകുന്നു. ഇന്ന് അത്തിമരച്ചോട്ടിലെ കുട്ടികൾ/വ്യക്തികൾ നമ്മുടെ ഭവനങ്ങളിൽ ഉണ്ടോ എന്ന് ആഴമായി ചിന്തിക്കേണ്ടിയിരിക്കുന്നു. അചഞ്ചലമായ ദൈവവിശ്വാസമുള്ളവർക്കു തീർച്ചയായും ദൈവകൃപയുടെ തണൽ അനുഭവിക്കാൻ കഴിയും.

ദൈവകൃപയുടെ തണൽ ലഭിക്കുന്ന, അഥവാ ലഭിക്കേണ്ട, മൂന്ന് പ്രധാന സ്ഥലങ്ങളെപ്പറ്റി ചുരുക്കമായി പ്രതിപാദിക്കട്ടെ.



**Thomas George**
Academic Director
Padmasree Central School, Enathu

**1. ഭവനങ്ങൾ :** വീട്ടുമുറ്റത്ത് തണൽമരങ്ങൾ താനേ ഉണ്ടാകില്ല. നട്ടുവളർത്തി, പരിപാലിച്ച്, പടർന്ന് പന്തലിക്കുമ്പോൾ മാത്രമേ, അതിന്റെ ചുവട്ടിൽ എത്തുന്നവർക്ക് തണൽ ലഭിക്കുകയുള്ളൂ. അതിന്റെ ചുവട് അണയുന്നവർക്ക് "ശാന്തതയും" "ശുദ്ധവായുവും ലഭിക്കുന്നു. ഇങ്ങനെയുള്ള "ബോധിവൃക്ഷ"ത്തണലിലിരുന്നാണല്ലോ മുനി വരന്മാർ ധ്യാനിച്ചതും, ദൈവജ്ഞാനം പ്രാപിച്ചതും. ഇപ്രകാരമുള്ള വേദപഠന സാഹചര്യങ്ങൾ പല ഭവനങ്ങളിൽ നിന്നും നഷ്ടമായിരിക്കുന്നു. തിരികെക്കൊണ്ടുവന്നേ മതിയാകുകയുള്ളൂ.

ഇന്ന് നമ്മുടെ ഭവനങ്ങൾ ആശ്വാസ തീരങ്ങളാണോ എന്ന് സ്വയം ചിന്തിക്കണം. കുഞ്ഞുങ്ങളുടെ എല്ലാ സത്ഗുണങ്ങളും രൂഢമൂലമാകേണ്ടത് ഭവനങ്ങളിൽനിന്നുമാണ്. ഒരു മാർക്കിന്റെ കുറവിൽ +2 തോറ്റ വിദ്യാർത്ഥിനി കണ്ണുനീരോടെ പറഞ്ഞ വാക്കുകൾ ഇപ്പോഴും ഓർക്കുന്നു. "എന്റെ തോൽവിക്കു കാരണം ഒരു സ്വസ്ഥതയുമില്ലാത്ത എന്റെ ഭവനാന്തരീക്ഷമായിരുന്നു." പലപ്പോഴും തോൽവിക്കു കാരണം "കുട്ടി" മാത്രമാണെന്ന് ന്യായം കാണുന്ന മാതാപിതാക്കൾക്കും, അധ്യാപകർക്കും ഇതു പാഠമാകണം. വിശുദ്ധ മാമോദിസ കഴിഞ്ഞ് വീട്ടിൽ എത്തുന്ന കുട്ടിയെ ദൈവവിശ്വാസത്തിൽ ഉറപ്പിക്കേണ്ടത് മാതാപിതാക്കളുടെ ഉത്തരവാദിത്തമാണ്. ദൈവവചന പഠനമാണ് ഇതിനുള്ള മാർഗ്ഗം. ജയവും, തോൽവിയും രുചിച്ചറിയാനും ഇല്ലായ്മയും, ഉൺമയും മനസ്സിലാക്കാനും, ഭവനത്തിൽനിന്നു തന്നെ പഠിക്കണം.

സത്യധർമ്മാദികൾ വെടിഞ്ഞോരു പുരുഷനെ ക്രൂരനാം സർപ്പത്തേക്കാൾ പേടിക്കണം" എന്ന ആപ്തവാക്യം മനസ്സിൽ ഉറയ്ക്കണം.

ഇങ്ങനെയുള്ള തണൽമരങ്ങളാണ് ഭവനങ്ങൾ. ഇവിടെയാണ് ദൈവകൃപയുടെ തണൽ വ്യാപരിക്കുന്നത്.

'The Pandemic has forced us to start new habits". മാമരങ്ങൾ ധാരാളം കാർബൺ ഡയോക്സൈഡിനെ വലിച്ചെടുത്ത്, മനുഷ്യന് ആവശ്യമായ ഓക്സിജൻ അഥവാ ശുദ്ധവായു നൽകുന്നു. മരങ്ങളും ചെടികളും നട്ടുവളർത്തുന്ന ധന്യ സ്ഥാപനകൾ ആകണം നമ്മുടെ ഭവനങ്ങൾ.

Christ Centred Family works like a filterpaper.

കാണുന്നതിലും, കേൾക്കുന്നതിലും നിന്ന് നല്ലവ അരിച്ചെടുത്ത് കുടുംബാംഗങ്ങൾക്കും, സമൂഹത്തിനും നല്കുന്ന ഉത്തരവാദിത്തമാണ് ഉത്തമ കുടുംബം നിർവ്വഹിക്കേണ്ടത്.

Christ Centred Family Works Like a Cooling Glass.

സൂര്യനിൽനിന്നു വരുന്ന താപകിരണങ്ങളെ തടഞ്ഞു നിർത്തി പ്രകാശകിരണങ്ങളെ മാത്രം കണ്ണിനു നൽകി കുളിർമയേകുന്ന ധർമ്മമാണ് കൂളിംഗ് ഗ്ലാസ്സ് ചെയ്യുന്നത്. അശാന്തിയുടെ കിരണങ്ങൾ മുറിച്ചുമാറ്റി, ദൈവകൃപയുടെ നേർ കിരണങ്ങൾ കൊണ്ട് തേജോമയമാകുന്ന കുടുംബങ്ങളാണ് ഇന്നിന്റെ ആവശ്യം. ആ കിരണങ്ങൾ കണ്ട് ഉണരുന്ന കുഞ്ഞുങ്ങളാണ് നാളെയുടെ, സഭയുടെ, സമൂഹത്തിന്റെ ഭാവി.

**2. വിദ്യാലയങ്ങൾ**

കേരളത്തിന്റെ വിദ്യാഭ്യാസ കലണ്ടർ പ്രകാരം എല്ലാവർഷവും ജൂൺ 1–ാം തീയതി ക്ലാസ്സുകൾ ആരംഭിക്കും. എന്നാൽ ഈ വർഷം കോവിഡ് – 19 ന്റെ പശ്ചാത്തലത്തിൽ ക്ലാസുകൾ ആരംഭിക്കുന്ന തീയതി മാറുമോ എന്ന് വ്യക്തമല്ല. (ലേഖകൻ എഴുതുന്ന സമയത്ത്). ഏതായാലും കോവിഡ് –19 പ്രോട്ടോകോൾ അനുസരിച്ച് മാത്രമേ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. ഏപ്രിൽ മാസം മുതൽ പല സ്ഥാപനങ്ങളും അതിനൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചു പഠന പ്രക്രിയകൾ ആരംഭിച്ചുകഴിഞ്ഞു. കുട്ടികളും രക്ഷിതാക്കളും ഇവയോട് നല്ല രീതിയിൽ പ്രതികരിക്കുന്നുണ്ട്. ''വരച്ച വരയിൽ'' നിന്ന് അധ്യാപകന്റെ സാന്നിധ്യത്തിൽ ക്ലാസ്സ് മുറിയ്ക്കുള്ളിൽ നടന്ന പഠനപ്രക്രിയ ഇന്ന് 'Online' എന്ന രീതിയിലേക്കു മാറി. "വൈഭവങ്ങളുടെ വൈവിധ്യമാണ്" ഓരോ ക്ലാസ് മുറികളും. ഈ വൈഭവങ്ങളെ പ്രത്യേകം കണ്ടെത്തി പൂർണ്ണ പൂർണ്ണതയിലെത്തിയ്ക്കുകയാണ് ആധുനിക അദ്ധ്യാപകധർമ്മം. ഓരോ വിദ്യാർത്ഥിയും ശേഖരിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച് പൊതുവായ അറിവ് അഥവ ആശയങ്ങൾ ഉണ്ടാക്കുന്നു. ആശയങ്ങൾ അന്വേഷണത്തിലേക്ക് തിരിയുന്നു. ഇങ്ങനെ ക്ലാസ് മുറികൾ അന്വേഷകരുടെ കൂട്ടമായിത്തീരുകയും, അറിവുകൾ പ്രായോഗിക തലത്തിലേക്കു നീങ്ങുകയും ചെയ്യുന്നു. ഈ രീതിയിലുള്ള പഠന പ്രക്രിയയ്ക്ക് ഉതകുന്നവരാകണം ഇന്നത്തെ അധ്യാപകർ. അറിവ്, അറിവായി മാത്രം തുടരുന്നതും, പരീക്ഷയ്ക്കുവേണ്ടി മാത്രമാകുന്നതുമാണ് മുൻകാലങ്ങളിൽ കണ്ടിരുന്നത്. ലഭിച്ച അറിവുകൾ ഉന്നത

വിദ്യാഭ്യാസരംഗത്ത്/ഗവേഷണരംഗത്ത് മികച്ച പ്രകടനം കാഴ്ച വെക്കുന്നതിന് പഠിതാവിന് ഉതകുന്നതാകണം. ഇതാണ് പുതിയ കാഴ്ചപ്പാട്.

"മിനി സ്ക്രീൻ വിദ്യാഭ്യാസം" പുരോഗമിക്കുമ്പോൾ തന്നെ, വളർന്നു വരുന്ന തലമുറയെ, സാമൂഹിക പ്രതിബന്ധതയിലും, നീതിബോധത്തിലും വളർത്തേണ്ട ഉത്തരവാദിത്തം നാം വിസ്മരിക്കരുത്. നല്ലതിനെ തെരഞ്ഞെടുക്കുന്നതിനുള്ള കഴിവ് കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് ഗുരുക്കന്മാർക്കുള്ള പങ്ക് വളരെ വലുതാണ്. ആധുനിക വിദ്യാഭ്യാസ പ്രക്രിയയിൽ ഗുരു-ശിഷ്യ ബന്ധം 'Skill development' നു വേണ്ടി മാത്രമായി ചുരുങ്ങിയിരിക്കുന്നു. "അനുസരണശീലം", "അനുകരണശീലം" ഇവ രണ്ടും വളരെ സൂക്ഷ്മതയോടുകൂടി 'Primary School' തലത്തിൽ ശ്രദ്ധിക്കപ്പെടണം. നമ്മുടെ Sunday School ക്ലാസുകളും, മാർച്ചുമാസം മുതൽ മുടങ്ങിയിരിക്കുകയാണല്ലോ. നിശ്ചിതസമയം ഞായറാഴ്ച ക്ലാസുകളിൽ ലഭിച്ചിരുന്നത് നഷ്ടമായത് നികത്തുന്നതിനുവേണ്ടി 'Online" ക്ലാസുകൾ നടത്തിയെങ്കിലും കുട്ടികൾ എത്രത്തോളം അവ പ്രയോജനപ്പെടുത്തി എന്ന് ചിന്തിക്കണം. VBS Online ക്ലാസുകളും നടത്തപ്പെട്ടു. Sunday School അധ്യാപകരും, മാതാപിതാക്കളും കൂട്ടായി പരിശ്രമിച്ചാൽ ഉണ്ടായ കുറവുകൾ വരും ദിനങ്ങളിൽ പരിഹരിക്കാൻ സാധിക്കും എന്നു പ്രത്യാശിക്കുന്നു.

അഭിവന്ദ്യ പൗലോസ് തിരുമേനിയുടെ പ്രത്യേക താൽപര്യപ്രകാരം, 2019-20 വർഷത്തിൽ വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകിച്ച് ഹയർസെക്കണ്ടറി വിഭാഗത്തിലെ കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകൾ നടത്താൻ സാധിച്ചിരുന്നു. Govt/Aided മേഖലയിലുള്ള ഈ പ്രവർത്തനം വളരെ പ്രയോജനപ്പെട്ടു എന്ന് അതത് പ്രിൻസിപ്പൽമാർ സാക്ഷ്യപ്പെടുത്തിയത് വിനയപൂർവ്വം ഓർക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗം ലക്ഷ്യമാക്കി ആരംഭിച്ച "വിജയവഴി" Project ന്റെ ഈ അവധിക്കാല ക്ലാസുകൾ നടത്താൻ കഴിഞ്ഞില്ലെങ്കിലും, ധാരാളം കുട്ടികൾക്ക് വിദ്യാഭ്യാസത്തോടൊപ്പം, വിവിധ കരിയർ മേഖലകളെപ്പറ്റിയും, പൊതുപരീക്ഷകളെപ്പറ്റിയും അറിവു നേടുന്നതിനു സാധിച്ചിട്ടുണ്ട്. ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, കുട്ടികൾക്കും, സമൂഹത്തിനും തണൽമരങ്ങൾ ആകട്ടെ.

**3. ജോലി സ്ഥലങ്ങൾ**

ലഭിച്ച അറിവുകളുടെ പ്രായോഗിക മേഖലകളാണ് എല്ലാ തൊഴിൽ സ്ഥലങ്ങൾ, ആഫിസുകൾ, കമ്പനികൾ, കൃഷിയിടങ്ങൾ, ഫാക്ടറികൾ എല്ലാം തന്നെ.

കോവിഡ് - 19 നുശേഷം ഈ സ്ഥലങ്ങളിൽ എല്ലാം പ്രവർത്തനശൈലികളിൽ മാറ്റം വരും എന്നത് തീർച്ച തന്നെ. ഓരോ തൊഴിലാളിയും അപരന്റെ സുരക്ഷയ്ക്കു മുഖാന്തിരമാകുമ്പോൾ ഇരുവരും സുരക്ഷിതരാകുന്നു എന്ന പാഠം ഉൾക്കൊള്ളണം. അദ്ധ്വാനം ജീവിതത്തിന്റെ ഭാഗമാകുമ്പോൾ തൊഴിലിടങ്ങൾ സ്വർഗ്ഗമാകും.

"വേല ചെയ്യുവാൻ മനസ്സില്ലാത്തവൻ തിന്നുകയുമരുത്" (2 തെസ്സ : 3-10) എന്ന വി.പൗലോസിന്റെ വാക്കുകൾ അദ്ധ്വാനത്തിന്റെ മഹത്വത്തെ വെളിവാക്കുന്നു. ഇരിക്കുന്ന കസേര, മുമ്പിൽ നിൽക്കുന്നവന്റെ ആവശ്യപരിഹാരത്തിനു വേണ്ടിയുള്ളതാണ് എന്നു ഓരോരുത്തരും കരുതണം. ഉത്തരേന്ത്യയിൽ പ്രവർത്തിക്കുന്ന ഒരു ഐ.എ.എസ് ഉദ്യോഗസ്ഥ തന്റെ പ്രസംഗമധ്യേ പറഞ്ഞ വാക്കുകൾ ഏവർക്കും ബാധകമല്ലേ." ചേരി പ്രദേശങ്ങളിൽനിന്നും, ഗ്രാമങ്ങളിൽ നിന്നും എന്റെ അടുത്ത് അപേക്ഷകളുമായി വരുന്ന ഓരോ വ്യക്തിയേയും, ഞാൻ എന്റെ അമ്മയായോ, അച്ഛനായോ, സഹോദരിയായോ, സഹോദരനായോ മനസ്സിൽ കാണും. പിന്നെ പരിഹാരമാർഗ്ഗങ്ങൾ വളരെ വേഗത്തിലാകും." ഇത്തരത്തിലുള്ളവർ ധാരാളം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കാം. പെരുമാറ്റത്തിന്റെ പ്രതാപത്തേക്കാൾ മനസ്സിന്റെ മാന്യതയാണ് ഓരോ വ്യക്തിക്കും ആവശ്യം. ഇങ്ങനെയുള്ള തൊഴിലിടങ്ങൾ സാധാരണക്കാരന്റെ തണൽ മരങ്ങളാണ്.

ദൈവസ്നേഹം മനസ്സിലാക്കി സ്നേഹിക്കണം. എന്ത് കിട്ടും എന്നല്ല, എന്തു കൊടുക്കും എന്ന് ചിന്തിക്കുന്ന പുതിയ തലമുറ ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കാം.

ദൈവകൃപയുടെ തണൽ അനുഭവിക്കുന്ന കുടുംബങ്ങളും, കലാലയങ്ങളും, ആഫിസുകളും ധാരാളമായി, ഈ കുടുംബരൂഢീകരണ വർഷത്തിൽ ഉണ്ടാകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

"വേണ്ട സമയത്ത് ഉണർന്നെങ്കിലേ സൂര്യനെ കാണു

അതുപോലെയാണ് ഈശ്വരനെ കാണുന്നതു".

# മരങ്ങൾ നട്ട മനുഷ്യൻ

എൽശേബ സൂസൻ ജേക്കബ്

**അയാളുടേത് അല്ലാത്ത ഭൂമിയിൽ നൂറ് ഓക്ക് വിത്തുകളും ശ്രദ്ധയോടെ കുഴിച്ചിട്ടു. ഈ ഭൂമി മരിച്ചു കൊണ്ടിരിക്കുകയാണ് എന്നായിരുന്നു അയാളുടെ അഭിപ്രായം**

മലഞ്ചെരുവിലെ പാഴ്നിലങ്ങളിൽ മരങ്ങൾ വെച്ചു പിടിപ്പിച്ച് ആ തരിശ് ഭൂമിയെ ഒരു കൊച്ചുവനമാക്കി മാറ്റിയ അസാധാരണ വ്യക്തിത്വത്തിന്റെ കഥ പറയുന്ന പുസ്തകമാണ് 'ദി മെൻ ഹു പ്ലാന്റഡ് ട്രീസ്'. എൽസിയാഡ് ബോഫിയറിന്റെ ജീവിതം പറഞ്ഞ കൃതി ലോകസാഹിത്യത്തിലെ ക്ലാസിക്കുകളിലൊന്നായാണ് വിലയിരുത്തുന്നത്. ഒട്ടനവധി ലോക ഭാഷകളിലൊന്നായാണ് വിലയിരുത്തുന്നത്. ഒട്ടന വധി ലോക ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്ത ഈ ഫ്രഞ്ച് പരിസ്ഥിതി ക്ലാസിക്കിന്റെ മലയാള വിവർത്തനമാണ്. 'മരങ്ങൾ നട്ട മനുഷ്യൻ'

ലോകമെമ്പാടുമുള്ള വായനക്കാരെ ആഴത്തിൽ സ്പ ർശിക്കുകയും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം വിളിച്ചറിയിക്കയും ചെയ്ത പുസ്തകം സാമൂഹിക വന വത്ക്കരണം എന്ന മഹത്തായ ലക്ഷ്യമാണ് വഹിക്കുന്നത്. ലോകത്തിന് വലിയ ഒരു സന്ദേശമാണ് ടോൺ ജോനെ എന്ന എഴുത്തുകാരൻ പകർന്നു നൽകിയത്.



എഴുത്തുകാരനും എൽസിയാഡ് ബോഫിയറും മാത്രമാണ് പുസ്തകത്തിലെ കഥാപാത്രങ്ങൾ. വിജനമായ ഒരു അപാരതയുടെ നടുവിൽ എത്തപ്പെട്ട എഴുത്തുകാരൻ ഉപേക്ഷിക്കപ്പെട്ട ഗ്രാമത്തിന്റെ അവശിഷ്ടങ്ങൾക്കടുത്ത് താവളം അടിക്കുന്നു. ഉറവോ കിണറോ മരങ്ങളോ ഇല്ലാത്ത തരിശ്ഭൂമി വരണ്ടു കിടക്കുകയായിരുന്നു. ഒറ്റപ്പെട്ട മരക്കുറ്റി എന്ന് കരുതി നടന്നടുത്തത് അടുക്കളെയും മേച്ചുകൊണ്ടിരുന്ന എൽസിയാഡ് ബോഫിയറിന്റെ അടുത്തേക്കായിരുന്നു. അയാളിൽ നിന്ന് ഒരിറക്കു വെള്ളം കുടിച്ചു. അദ്ദേഹം തന്നെ വീട്ടിലേക്ക് ക്ഷണിക്കുകയും ചെയ്തു. ഏകാന്തവാസിയായ അയാൾ വളരെ കുറച്ചേ സംസാരിച്ചിരുന്നുള്ളൂ. നന്നായി സൂക്ഷിക്കുന്ന ഒതുക്കമുള്ള വീടും അദ്ദേഹത്തിന്റെ വസ്ത്ര രീതികളും സഞ്ചാരിയെ അത്ഭുതപ്പെടുത്തി. പിറ്റേ ദിവസം സഞ്ചി നിറയെ ഒക്കു വിത്തുകളുമായി അയാൾ ഇറങ്ങി. പോകുന്നതിനു മുൻപ് ശ്രദ്ധയോടെ തിരഞ്ഞെടുത്ത വിത്തുകളുടെ ചാക്ക് ഒരു തൊട്ടിവെള്ളത്തിൽ മുക്കിയിട്ടു. അയാൾ ഇരുമ്പു വടി മണ്ണിൽ കുത്തി കുഴിയുണ്ടാക്കി ഓക്കു വിത്ത് ഇട്ടു. അയാളുടേത് അല്ലാത്ത ഭൂമിയിൽ നൂറ് ഓക്ക് വിത്തുകളും ശ്രദ്ധയോടെ കുഴിച്ചിട്ടു. ഈ ഭൂമി മരിച്ചുകൊണ്ടിരിക്കുകയാണ് എന്നായിരുന്നു അയാളുടെ അഭിപ്രായം.

അവരുടെ കണ്ടു മുട്ടലിന് തൊട്ടടുത്ത വർഷം ഒന്നാം ലോകമഹായുദ്ധം തുടങ്ങി. പിന്നീട് അഞ്ചുകൊല്ലത്തിനു ശേഷമാണ് ശുദ്ധവായു ശ്വസിക്കണമെന്ന ആഗ്രഹവുമായി എഴുത്തുകാരൻ അവിടേക്ക് മടങ്ങിയെത്തിയത്. ബോഫിയർ മരിച്ചിട്ടുണ്ടാകും എന്നാണ് അയാൾ കരുതിയത്. എന്നാൽ അവിടെയുണ്ടായിരുന്നു. ആടുകളുടെ എണ്ണം നാലായി കുറച്ചു ബോഫിയർ നൂറു തേനീച്ചക്കാടുകൾ വളർത്തിയിരുന്നു. അപ്പോഴും അയാൾ മരങ്ങൾ നട്ടുകൊണ്ടേയിരിക്കുകയായിരുന്നു. സാങ്കേതിക വിഭവങ്ങൾ ഒന്നും കൂടാതെ ഒരൊറ്റയാളിന്റെ വിയർപ്പിലും വിശ്വാസത്തിലും നിന്നാണ് ഇവയെല്ലാം ഉയിരെടുത്തത്.

1945 ലാണ് എഴുത്തുകാരൻ അയാളെ അവസാനമായി കാണുന്നത്. പണ്ടു കണ്ട സ്ഥലങ്ങളൊന്നും അയാൾക്ക് തിരിച്ചറിയാൻ സാധിച്ചില്ല. എല്ലാം മാറിയിരിക്കുന്നു. കാറ്റു പോലും ഉണങ്ങിയ കാറ്റിനു പകരം സുഗന്ധം വമിക്കുന്ന ചെറുതെന്നാൽ പച്ചപ്പ് നിറഞ്ഞ അവിടം പൊട്ടിപ്പൊളിഞ്ഞ വീടുകൾക്ക് പകരം പുതിയ വീടുകൾ നിർമ്മിക്കപ്പെട്ടു. ആരാലും താമസിക്കാൻ ഇഷ്ടപ്പെടുന്ന ഒരു ഗ്രാമമായി അത് മാറി. 1947-ൽ ബാനണിലെ ഒരു ശരണാലയത്തിൽവെച്ച് എൽസിയാഡ് ബോഫിയർ മരിക്കുന്നതോടെ പുസ്തകം അവസാനിക്കുന്നു.

## മാർത്തോമ്മാ ശാന്തിഭവൻ വവ്വാക്കാവ്

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്ന വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കുന്ന സ്ഥാപനം. കേരള ഗവ. അംഗീകാരത്തോടെ 25 പേർ താമസിച്ചുവരുന്നു. ഇവിടുത്തെ ദൈനംദിനപ്രവർത്തനങ്ങൾ നടത്തിവരുന്നത് സഹൃദയരായ നാട്ടുകാർ, ഇടവകജനങ്ങളുടെ സംഭാവനയിൽ കൂടിയാണ്.

കോവിഡ് 19 മൂലം നമ്മുടെ രാജ്യം ലോക്ക്ഡൗണിലേക്ക് പോയതിനാൽ ഇവിടുത്തെ ദൈനംദിന ആവശ്യങ്ങൾക്കുള്ള വരുമാനം കുറഞ്ഞിരിക്കുന്നു. ദുഃഖവെള്ളിയാഴ്ച ലഭിച്ചുകൊണ്ടിരുന്ന സ്തോത്രക്കാഴ്ചയും ലഭിച്ചില്ല. ആയതിനാൽ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ഈ സ്ഥാപനത്തെ പ്രാർത്ഥനയിൽ ഓർക്കുകയും സഹായിക്കുകയും ചെയ്യണമെന്നപേക്ഷിക്കുന്നു.

ഒരു നേരത്തെ ഭക്ഷണചെലവ് 3500 രൂപയാണ്.

ഒരു ദിവസത്തെ ഭക്ഷണ ചെലവ് 8000 രൂപയാണ്.

ഒരു വർഷം ഒരാളുടെ സ്പോൺസർ 25000 രൂപയാണ്.

ആവശ്യം മനസിലാക്കി ഇടവക ജനങ്ങളുടെ ആത്മാർത്ഥമായ സഹകരണവും സഹായവും പ്രതീക്ഷിക്കുന്നു

**റവ. രാജു ഫിലിപ്പ് സ്ക്കറിയ (ഡയറക്ടർ)** **ശ്രീ. വർഗീസ് തരകൻ (ട്രഷറാർ) 9946440580**

## എല്ലാവരെയും തുല്യരായി കാണുകയും സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന ദൈവത്തിന്റെ കാരുണ്യം സഭയിലൂടെ പ്രവർത്തിച്ചതിന്റെ നിദർശനമാണ് പിടവൂർ ആശാഭവൻ മാർത്തോമ്മാ കെയർ സെന്റർ.

ഒരു മനുഷ്യായുസ് മുഴുവൻ 'ക്വാറന്റീനി'ൽ കഴിയുവാൻ വിധിക്കപ്പെട്ടവരാണ് ഭിന്നശേഷിക്കാർ. ആഹാരവും വെള്ളവും വായുവും പോലെ ഫിസിയോ തെറാപ്പിയും വ്യായമവും അവിഭാജ്യമാണ് അവർക്ക്. ക്യാമ്പിന് പുറത്തൊരു സാമൂഹ്യജീവിതവും ഏറെക്കുറെ അസാധ്യമാണ്.

61 ഭിന്നശേഷിയുള്ള കുട്ടികളും അവരുടെ സഹായത്തിനായി കർമ്മനിരതരായ 19 സ്റ്റാഫും അടങ്ങുന്നതാണ് ആശാഭവൻ കുടുംബം. ഇതിന്റെ സന്ധാരണത്തിനായി പ്രതിമാസം 30000 രൂപയോളം ആവശ്യമാണ്. കോവിഡ് 19ന്റെ പ്രത്യേക സാഹചര്യം പൊതുജീവിതത്തെ ആകമാനം ഉലച്ചപ്പോൾ അതിന് ഏറ്റവുമധികം വിലകൊടുക്കേണ്ടിവന്നത് ഇങ്ങനെയുള്ള സ്ഥാപനങ്ങളാണ്. കർത്തൃസ്നേഹത്താൽ പ്രരിതരായ സുമനസ്സുകളുടെ സന്ദർശനവും സമ്പത്തിക സഹായങ്ങളും വിശേഷദിനാചരണങ്ങളുമാണ് സ്ഥാപനത്തെ നിലനിർത്തിപോന്നത്. എന്നാൽ മാർച്ച് മാസം മുതൽ ഈ നാലുമാസമായി സാമ്പത്തികസ്രേതസുകളെല്ലാം അടഞ്ഞിരിക്കുന്നു. ആദ്യ സമയങ്ങളിൽ ജനപ്രതിനിധികളിൽ നിന്നും ചൈൽഡ് വെൽഫയർ കമ്മറ്റികളിൽ നിന്നും ലഭിച്ച പിന്തുണ തുടർച്ചയില്ലാതെയായി.

ഭദ്രാസനത്തിന്റെ വിവിധ ഇടവക, സംഘടനാതലത്തിലോ വ്യക്തിപരമായോ സഹായങ്ങളും അഭ്യർത്ഥിച്ചുകൊണ്ടുള്ള നിങ്ങളുടെ നിരന്തര പ്രാർത്ഥനയിൽ ആശാഭവൻ കുടുംബത്തെയും ഉൾപ്പെടുത്തേണമേ.

ആശാഭവൻ കുടുംബത്തിനുവേണ്ടി

**റവ. സുനിൽ പി. സ്ക്കറിയ**
(ഡയറക്ടർ)

## ദീപ്തി സ്കിൽ ഡെവലപ്പ്മെന്റ് ആന്റ് റിഹാബിലിറ്റേഷൻ സെന്റർ, പള്ളിപ്പാട്

അടൂർ ഭദ്രാസനം സേവികാസംഘത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ദീപ്തി ബാലികാഭവൻ ഇപ്പോൾ ദീപ്തി സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ എന്ന നിലയിൽ പ്രവർത്തിച്ചുവരുന്നു.

സമൂഹത്തിൽ നിർദ്ദനരായ 18 വയസ് കഴിഞ്ഞ് ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ സ്ത്രീകൾക്ക് വേണ്ടിയുള്ള തൊഴിൽ പരിശീലനവും പുനരധിവാസവുമാണ് ഇവിടെ നടക്കുന്നത്. കൊറോണ വൈറസ് മൂലം രാജ്യം ലോക്ഡൗണിലേക്ക് പോയ സാഹചര്യത്തിൽ ഇവിടുത്തെ ദൈനംദിനമുള്ള പരിശീലനപരിപാടി നിർത്തി വച്ചിരിക്കുകയാണ്. എന്നാൽ ഇവിടെ 10 പേർ സ്ഥിരമായി താമസിച്ചുവരുന്നു. ഇവിടുത്തെയും ദൈനംദിന പ്രവർത്തനങ്ങളും സാമ്പത്തിക പ്രതിസന്ധി മൂലം ബുദ്ധിമുട്ടിലാണ്. ആയതിനാൽ നമ്മുടെ ഇടവക ജനങ്ങൾ ഈ ആവശ്യം പരിഗണിച്ച് ആവശ്യമായ സഹായസഹകരണം തരണമെന്ന് താല്പര്യപ്പെടുന്നു.

**വർഗീസ് തരകൻ**
(സുപ്രണ്ടെന്റ്)

# പ്രശ്നോത്തരി

കഴിഞ്ഞ ലക്കത്തിലെ വിജയി
**റിനു കെ. ഉമ്മൻ**
**ഞക്കനാൽ ശാലേം**

**ശരിയായ ഉത്തരം അയച്ചവർ**

ജോളി റിനു ഞക്കനാൽ ശാലേം
റിനു കെ. ഉമ്മൻ ഞക്കനാൽ ശാലേം
ഒ. തോമസ് വാത്തിക്കുളം ബഥേൽ
റിൻസി ആർ. വാത്തിക്കുളം ബഥേൽ
ഏലിയാമ്മ ജേക്കബ് വാത്തിക്കുളം ബഥേൽ
അലീന ജോൺസൺ കലയപുരം ശാലേം
രേഷ്മ ലിജു വാത്തിക്കുളം ബഥേൽ

ഹെർമ്മോൻ ദൂതൻ
പ്രശ്നോത്തരിക്ക്
ലഭിക്കുന്ന
അഭൂതപൂർവ്വമായ
പ്രതികരണത്തിന്
**നന്ദി..**

ശരിയുത്തരം
അയയ്ക്കുന്നവരിൽ നിന്ന്
നറുക്കെടുപ്പിലൂടെയാണ്
വിജയിയെ
നിർണ്ണയിക്കുക

**എഡിറ്റർ**

**കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ**

1. വവ്വാക്കാവ്
2. ബന്ധങ്ങളുടെ ദൃഢതയും സുതാര്യതയും
3. ക്രിസ്തുവിന്റെ സ്നേഹം
4. ബന്ധങ്ങൾ ദൃഢമാകുവാൻ
5. നോമ്പിന്റെ ധന്യത
6. ജഢത്തിൽ വെളിപ്പെട്ട ദൈവമാണ് ഉത്ഥിതനായ ക്രിസ്തു എന്നത്
7. നാം പാപത്തിൽ അകപ്പെടുമ്പോൾ


**ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാർഹനാകുന്നതാണ്. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി: 2020 ആഗസ്റ്റ് 20**

**ഈ ലക്കത്തിലെ ചോദ്യങ്ങൾ**

1. ആരാധനാലയങ്ങൾ അടഞ്ഞ സാഹചര്യത്തിൽ നമ്മുടെ ഭവനങ്ങൾ എന്തായിത്തീരണം?
2. 'ജ്ഞാനം' എന്നത് കേവലം അറിവ് മാത്രമല്ല' പിന്നെ എന്നാണ്?
3. കോവിഡ് 19 എപ്രകാരമുള്ള ഒരു പ്രശ്നമാണ്?
4. കൊറോണ കാലത്ത് എപ്രകാരമുള്ള ഇടപെടലാണ് ആവശ്യം?
5. ഓരോ മനുഷ്യനും എന്തിന് ഉറവിടമാണ്?
6. കുടുംബദൃഢീകരണ വർഷത്തിൽ ഏതുശീലമാണ് ഉണ്ടാകേണ്ടത്?
7. കുട്ടിയുടെ ഉൾവെളിച്ചം എന്താണ്?



# അഭിനന്ദനങ്ങൾ



മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ
സഫ്രഗൻ മെത്രാപ്പോലീത്തയായി
അവരോധിക്കപ്പെടുന്ന

**റൈറ്റ് റവ. ഡോ. ഗീവർഗീസ്
മാർ തിയഡോഷ്യസ്
എപ്പിസ്കോപ്പാ**


MAR THOMA RESIDENTIAL SCHOOL
ZIONKUNNU, KALAYAPURAM




*Contact us.....to get an Admission...*

By Telephone...0474 2616996, 9448605772
By email.........mtrskalayapuram@gmail.com
Our website........marthomaschool.org

MAR THOMA
RESIDENTIAL SCHOOL
ZION KUNNU, KALAYAPURAM
Kulakkada PO, Kollam 691 521

- Advanced Teaching Methods
- Smart Class • Language Lab
- Computer Lab • Mind Lab
- Multimedia Center • Swimming Pool
- Yoga Court • Nature Friendly Campus

- FLAIR
- DISCIPLINE
- ACADEMIC RIGOUR

**CORONAVIRUS** Information

# How can I try to stay well and avoid spreading the virus?




**Wash hands frequently** with soap and water or use a sanitiser gel



Work at home where possible and **avoid social venues**



Catch coughs and sneezes and **throw away used tissues**



If you don't have a tissue **use your sleeve**



**Avoid touching your eyes, nose and mouth with unwashed hands**



**Avoid close contact with people who are unwell**

Printed & Published by: Rev. Shibu Mathew (Manager), on behalf of Mar Thoma Sabha Adoor Diocese, Hermon Aramana, Adoor P. O.,
Printed at: Mar Thoma Press Thiruvalla, Chief Editor: Rev. P. J. Thomas